# DIOCESAN BULLETIN

A PUBLICATION OFTHE KANDANAD EAST DIOCESE OF THE MALANKARA ORTHODOX SYRIAN CHURCH

ORTHODOX SYRIAN CHURCH
KANDANAD EAST DIOCESE

എഡിറ്റോറിയൽ

**Vol. 21 No. 6, 2010 June 15**


## പ്രകൃതിക്കുമുണ്ട് അവകാശം

മറ്റൊരു പരിസ്ഥിതിദിനം കൂടി കഴിഞ്ഞിരിക്കുകയാണ്. കേരളത്തിലെ മാധ്യമങ്ങൾ ചർച്ചകളും വാർത്തകളും വഴി ഈ ദിനത്തിന്റെ പ്രസക്തിയെ പ്രചരിപ്പിക്കുന്നതിൽ നിർണ്ണായകമായ പങ്കാണ് വഹിച്ചിരിക്കുന്നത്. ദിനാചരണത്തിന്റെ പ്രവർത്തനങ്ങൾക്ക് അപ്പുറം സമൂഹത്തിന്റെ മന:സാക്ഷിയിലും ജീവിതധാരണകളിലും ഒരു അവബോധം ആയി ഇത് മാറേണ്ടതുണ്ട്. സന്തുലിതമായ വികസനം (Sustainable developoment) എന്നതിന്റെ ഗൗരവവും പ്രസക്തിയും ഉൾക്കൊള്ളാതെ ആരോഗ്യമുള്ള മനുഷ്യ-പ്രകൃതി ബന്ധങ്ങളെക്കുറിച്ച് സംസാരിക്കാൻ തന്നെ സാധിക്കില്ല. അതിവേഗത്തിന്റെ പുതിയ പുതിയ വികസനക്കുതിപ്പുകൾ നടത്തുമ്പോഴും നടത്താനൊരുങ്ങുമ്പോഴും പരിസ്ഥിതി ദിനാചരണം വെറുമൊരു “പരിപാടി”യായി മാറുന്നു എന്നതാണ് കാര്യം.

ഇന്ന് പരിസ്ഥിതിയെക്കുറിച്ചു നടക്കുന്ന എല്ലാ സംവാദങ്ങളിലും ഭൂമിയുടെയും അതിലെ സമസ്ത ജീവജാലങ്ങളുടെയും വില നിർണ്ണയിക്കാവുന്നതിൽ അപ്പുറമാണ് എന്നാണ് നിരീക്ഷിക്കപ്പെടുന്നത്. മനുഷ്യനുവേണ്ടി പ്രകൃതി എന്ന പാശ്ചാത്യ കൊളോണിയൽ ആശയം, ആശയതലത്തിലും പ്രവർത്തിപഥത്തിലും ശക്തമായി പ്രതിരോധിക്കുന്നുണ്ട്. പ്രതിരോധങ്ങൾ സൃഷ്ടിക്കുന്നത് ‘പ്രകൃതിക്കുമുണ്ട് നിലനിൽക്കാനവകാശം’ എന്ന് മുദ്രാവാക്യം മുഴക്കിയാണ്. അരിസ്റ്റോട്ടേലിയൻ ബൗദ്ധിക പാരമ്പര്യവും തോമസ് അക്യൂനാസിന്റെ നിരീക്ഷണങ്ങളും പാശ്ചാത്യ സമീപനരീതികളുടെ മാതൃകയായി കാണാവുന്നതാണ്. ചിന്താശേഷി ഇല്ലാത്ത ഒന്നിനും അസ്തിത്വത്തോടെ നിൽക്കാനവകാശമില്ല. ഇത് പ്രകൃതി മനുഷ്യബന്ധങ്ങളിൽ മാത്രമല്ല മനുഷ്യ ബന്ധങ്ങളിലും ഇങ്ങനെതന്നെയാണ് കാണാൻ ശ്രമിക്കുന്നതും. ബുദ്ധിവികാസം സംഭവിക്കാത്തവരും പ്രായമായവരും അതുകൊണ്ടുതന്നെ പരാശ്രയ അടിമത്തബന്ധം എന്ന പരികല്പനയാണ് ഉള്ളത്. ഇതിന് ബദലായി പരിസ്ഥിതി ചിന്തയിൽ ബലവത്തായ സംഭാവനകൾ നൽകിയവരാണ് Deep ecologist’s നിരന്തരമായി പറയപ്പെടുന്ന ഒന്നാണ്. Aldo Leopold: ന്റെ “A thing is right when it tends to preserve the integrity, stability and beauty of the biotic community. It is worng when it tends otherwise.” പ്രകൃതിയുടെ അവകാശങ്ങളെക്കുറിച്ച് സംസാരിക്കാൻ ഇനിയും ഭാഷയോ, ഭാഷകളോ രൂപപ്പെടേണ്ടിയിരിക്കുന്നു. അതിനുള്ള ഭാഷ നമ്മുടെ കൈവശം ഇല്ലെങ്കിൽ പ്രകൃതിയുമായുള്ള ജൈവബന്ധവും പ്രകൃതിക്ക് നിലനിൽക്കാനുള്ള അടിസ്ഥാന അവകാശവും നാം നിഷേധിക്കുകയായിരിക്കും.

മതപാരമ്പര്യങ്ങൾക്കും വിശ്വാസങ്ങൾക്കും പ്രകൃതിയുടെ നിലനിൽപിന് ശക്തമായ സന്ദേശം നൽകാൻ സാധിക്കും. ആദ്ധ്യാത്മികത ഒരിക്കലും മനുഷ്യനിൽ മാത്രം ചുറ്റിത്തിരിയുന്ന ഒന്നല്ല. അത് ബന്ധങ്ങളുടെ ആകെത്തുകയാണ്. ഉല്പത്തിയിലെ സൃഷ്ടി വിവരണം ദൈവവും പ്രകൃതിയും മനുഷ്യനും ഒരുമിച്ച് വരുന്നതിന്റെ ചരിത്രമാണ്. “തോട്ടത്തിൽ ഉലാത്തുന്ന ദൈവം” (ഉല്പത്തി 3:8) എന്ന് രേഖപ്പെടുത്തുമ്പോൾ ആഴമായ ആദ്ധ്യാത്മികതയിൽ നിന്ന് ഉണ്ടാകുന്ന പ്രകൃതി ബന്ധമാണ് ഇത് എന്ന് മനസ്സിലാക്കേണ്ടിവരും. ഉലാത്താനുള്ള തോട്ടങ്ങളെ നമുക്ക് നഷ്ടമായാൽ അവിടെ നിന്നും നിഷ്ക്രമിക്കുന്നത് മരങ്ങളും ജീവജാലങ്ങളും, ജീവവായുവും മാത്രമല്ല, ദൈവം തന്നെയായിരിക്കും എന്നതാണ് വാസ്തവം.

ചീഫ് എഡിറ്റർ

---

**EDITORIAL BOARD**

*President*
**H.G.Dr. Thomas Mar Athanasius**
Metropolitan

*Chief Editor*
**Fr. Abraham Karammel**

*Mg.Editor*
**Mr. P. J. Varghese**

*Associate Editor*
**Fr. Kochuparambil Geevarghese Ramban**

*Technical Adviser*
**Mr. George Paul**

*Members*
**Prof. Dr. M.P.Mathai**
**Fr. Alias Kuttiparichel**
**Fr. Marydas Stephen**
**Fr. Shibu Kurian**
**Mr. A. G. James**
**Mrs. Jiji Johnson**

## ഉള്ളടക്കം

പേജ്

എഡിറ്റോറിയൽ
**പ്രകൃതിക്കുമുണ്ട് അവകാശം** ............................... 1

**സഭാ ശുശ്രൂഷയിൽ രണ്ട് പതിറ്റാണ്ടുകൾ – 2** ............. 3
ഡോ. തോമസ് മാർ അത്താനാസ്യോസ്

**അഹം** ........................................................ 7
സഖേർ

**പ്രതിവാരധ്യാനം**............................................. 9
ഫാ. ജെറി ജോൺ മാത്യു

**വ്യക്തി ജീവിതത്തിലെ സമാധാനം:**
**ചില സമീപനങ്ങൾ**......................................... 12
ഫാ. എബ്രഹാം കാരാമ്മേൽ

**എല്ലാവരോടും പകയോടെ – 2** ........................... 14
എം. സൈമൺ

**വാർത്തകൾ – അറിയിപ്പുകൾ**......................... 15 – 16

## ചിന്തിക്കാൻ അല്പം

ഏതൊരു തൊഴിലിനും ആകർഷണമുണ്ട്. മനുഷ്യരെ പിടിക്കാനുള്ള ഓർമ്മപ്പെടുത്തൽ. മീൻ പിടിച്ചിരുന്നവരോട് അവൻ അതാണ് ആവശ്യപ്പെട്ടത്. മനുഷ്യനെ പിടിക്കുകയെന്നാൽ മനുഷ്യരുടെ ജീവിതത്തിൽ സൃഷ്ടിപരമായ ചില ഇടപെടൽ നടത്തുകയെന്നർത്ഥം. ആ ക്ഷണത്തെ കുറെക്കൂടി ഗൗരവമായി എടുക്കേണ്ട ബാധ്യത അദ്ധ്യാപകർക്കാണെന്ന് തോന്നുന്നു. അനുദിനം ക്ലാസ്സ് മുറികളിൽ പകരുന്ന ജ്ഞാനം കൊണ്ടു മാത്രമല്ല അവരത് ചെയ്യുന്നത് അതിനു സമാന്തരമായി അവർ ജീവിച്ചുകാട്ടുന്ന ചില മാതൃകകളുണ്ട്. കുഞ്ഞുങ്ങളെക്കുറിച്ചുള്ള നിരീക്ഷണം തന്നെയതാണ്. അവർ വളരെക്കുറച്ചേ കേൾക്കുന്നുള്ളൂ. എന്നാൽ പലമടങ്ങ് അവർ കാണുന്നുണ്ട്. അല്ലെങ്കിൽത്തന്നെ ജീവിതവുമായി ബന്ധപ്പെടുത്താത്ത ജ്ഞാനം അതിൽത്തന്നെ ഒരാഡംബരമാണെന്നു തോന്നുന്നു. ക്രിസ്തു അത് വളരെ വ്യക്തതയോടെ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഗ്രീക്കുകാർ അവനെ അന്വേഷിക്കുന്നു എന്നൊരു സന്ദേശം കർത്താവിനെ തേടി വന്നപ്പോഴാണത്. അറിവിനോടും ജ്ഞാനികളോടും അനന്യസാധാരണമായൊരു ഭ്രമം പുലർത്തിയിരുന്നു യവനലോകം ക്രിസ്തുവിനെ പോലെ ഒരാൾക്ക് ജ്ഞാനത്തിന്റെ ആ മണ്ണിലേയ്ക്ക് സ്വാഗതം എന്നാണ് ആ അന്വേഷണത്തിന്റെ അർത്ഥം. അവരോടാണ് ഗോതമ്പുമണി നിലത്തുവീണ് അഴുകിയില്ലെങ്കിൽ അതിന് ജീവൻ കൊടുക്കാൻ സാധിക്കുകയില്ല എന്ന് കർത്താവു പറഞ്ഞത്. പുസ്തക ഷെൽഫിലെ അക്ഷരങ്ങളും പത്തായപ്പുരയിലെ ധാന്യമണികളും ഏതാണ്ട് ഒരുപോലെ! അറിവിനുതകുന്ന ചില നിലപാടുകളും നിശ്ചയങ്ങളും അതിനുവേണ്ടി കൊടുക്കേണ്ട കഠിനവിലയുമാണ് നിലത്തുവീഴേണ്ട ഗോതമ്പുമണിയുടെ സാരം. അറിവിനെ ജീവിതം കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ട ബാധ്യത എല്ലാവർക്കുമുണ്ട്. അദ്ധ്യാപകർക്ക് അത് കുറെക്കൂടി കൂടുതലായുണ്ട്. അപ്പോൾ ഒരാൾക്ക് ക്രിസ്തുവിനെപ്പോലെ ഇങ്ങനെ പറയുവാനാകും! വരിക, എന്നിൽ നിന്ന് പഠിക്കുക.

### ജന്മദിനാശംസകൾ

ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്ത 58 വയസ്സ് പിന്നിടുന്ന ധന്യദിനത്തിൽ അഭി. തിരുമേനിക്ക് ഡയോസിസൻ ബുള്ളറ്റിൻ സർവ്വമംഗളങ്ങളും ആശംസിക്കുന്നു.


### ബുള്ളറ്റിൻ വരിസംഖ്യ നിരക്ക്

| | |
|---|---|
| 2 വർഷത്തേക്ക് | - 100 രൂ. |
| ആയുഷ്ക്കാലം | - 1000 രൂ. |
| വിദേശത്ത് | - 4000 രൂ. (100 ഡോളർ) |

ചുവന്ന മഷിയിൽ അഡ്രസ്സ് എഴുതിയിട്ടുള്ളവരുടെ വരിസംഖ്യാ കാലാവധി തീർന്നതാണ്. വരിസംഖ്യാ കാലാവധി തീർന്നവർ പുതുക്കുക.

*മെത്രാപ്പോലീത്തായുടെ കത്ത്*

# സഭാശുശ്രൂഷയിൽ രണ്ട് പതിറ്റാണ്ടുകൾ - 2



**എ**ന്നെ സംബന്ധിച്ച് സഭാശുശ്രൂഷയുടെ ചരിത്രം, പഠനവും, പരീക്ഷണങ്ങളും, അനുഭവങ്ങളും എല്ലാം ചേർന്നതാണ്. പുതിയ അറിവുകളോടും, അനുഭവങ്ങളോടും താരതമ്യേന തുറന്ന സമീപനമായിരുന്നു എനിക്കുണ്ടായിരുന്നത്. അതുകൊണ്ട് അന്ധമായ വിശ്വസ്തത ഒന്നിനോടും പുലർത്തിയിരുന്നതായി തോന്നുന്നില്ല. വെളിപ്പെടുന്ന യാഥാർത്ഥ്യങ്ങളോട് സത്യസന്ധത പുലർത്താൻ ശ്രമിക്കുമ്പോൾ നിലിവിലിരുന്ന ധാരണകളും സമീപനങ്ങളും തിരുത്തേണ്ടതായി വരാം. പുതിയ അനുഭവങ്ങൾ, അറിവുകൾ എന്നിവ ചിന്തയിലും, വീക്ഷണത്തിലും വരുത്തുന്ന പരിവർത്തനങ്ങൾ ഉൾക്കൊള്ളാൻ ശ്രമിക്കുമ്പോഴാണ് മനുഷ്യന് വളർച്ചയുണ്ടാകുന്നത്. അതുകൊണ്ട് സഭാശുശ്രൂഷയുടെ ഓരോ ഘട്ടത്തിലും ഉണ്ടായ അനുഭവങ്ങൾ നടത്തിയ പരീക്ഷണങ്ങൾ, തിരിച്ചറിഞ്ഞ വസ്തുതകൾ, അവ നൽകിയ പാഠങ്ങൾ, ഇവയുടെ അടിസ്ഥാനത്തിലുള്ള നിലപാടുകൾ എന്നിവ വെളിപ്പെടുത്തുമ്പോൾ ആരും നെറ്റി ചുളിക്കേണ്ടതില്ല. വ്യക്തമായ വസ്തുതകളോടും, ആത്യന്തികമായി ദൈവനിയോഗത്തോടും ആയിരിക്കണം അടിസ്ഥാന പ്രതിബദ്ധത എന്നതാണ് എന്റെ ബോധ്യം.

ഞാൻ മെത്രാപ്പോലീത്ത സ്ഥാനത്തേയ്ക്ക് അവരോധിക്കപ്പെട്ട് അധിക കാലം കഴിയുന്നതിന് മുമ്പേ തന്നെ പാത്രിയർക്കീസ് വിഭാഗത്തിന് വളരെ പ്രതികൂലമായ വിധി കേരളാ ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ചിൽ നിന്നും ഉണ്ടായി. ഞാൻ വളരെ ദുഃഖിതനായ സന്ദർഭമായിരുന്നു അത്. കോടതിയിലുണ്ടായ പരാജയത്തെപ്പറ്റിയയിരുന്നില്ല എന്റെ ഭാരം. അതുണ്ടാക്കാവുന്ന പ്രത്യാഘാതങ്ങളാണ് എന്നെ വിഷമിപ്പിച്ചത്. പാത്രിയർക്കീസ് കക്ഷിയുടെ പൂർണ്ണ പരാജയം അന്നത്തെ സാഹചര്യത്തിൽ സഭയിൽ ഒരു പുനർയോജിപ്പിന് സാധ്യത നൽകില്ല എന്നതായിരുന്നു എന്റെ വിലയിരുത്തൽ. കേസിൽ പരാജയപ്പെട്ടവരുമായി ഒരൊത്തുതീർപ്പിനുള്ള മനോഭാവം അന്നത്തെ കാതോലിക്കാ കക്ഷി നേതൃത്വം പ്രകടിപ്പിച്ചില്ല. തോറ്റവരെ ഏത്തമിടുവിച്ച് അകത്തു കയറ്റുകയോ, പ്രകോപിപ്പിച്ച് പുറത്തു തള്ളുകയോ ചെയ്ത് പള്ളികൾ, സ്ഥാപനങ്ങൾ എന്നിവ പിടിച്ചെടുക്കുക എന്നതിൽ കവിഞ്ഞ കാഴ്ചപ്പാടൊന്നും അതിനുണ്ടായിരുന്നില്ല. എന്നാൽ ആത്മാഭിമാനത്തിന് ക്ഷതമേറ്റ് ഒരു സഭാ ഐക്യത്തിന് പാത്രിയർക്കീസ് വിഭാഗത്തിലെ യുവമേലദ്ധ്യക്ഷന്മാരും തയ്യാറായിരുന്നില്ല. അതുകൊണ്ട് സംഘർഷത്തിനും ഏറ്റുമുട്ടലിനും ഉള്ള സാഹചര്യം അനിവാര്യമാവുകയായിരുന്നു. ഈ സംഘട്ടനങ്ങൾക്ക് വേദിയാകുവാൻ ഏറെ സാധ്യതയുള്ള ഒന്നായിരുന്നു കണ്ടനാട് ഭദ്രാസനം.

എന്റെ വ്യഥയ്ക്ക് കാരണം മറ്റൊന്നുകൂടിയുണ്ടായിരുന്നു. വ്യവഹാരത്തിൽ പരാജയപ്പെട്ട പാത്രിയർക്കീസ് കക്ഷിക്ക് സ്വന്തം അസ്തിത്വം നഷ്ടപ്പെടുത്തി അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ ഒരു കോളനിയായിത്തീരുക എന്ന ദുർവിധിയാണ് മുമ്പിലുണ്ടായിരുന്നത്. മലങ്കരസഭയിലെ പിളർപ്പുകളിലെല്ലാം ഘട്ടംഘട്ടമായി ഈ വിധേയത്വം വർദ്ധിച്ചു വരികയായിരുന്നു. മലങ്കരസഭ എന്ന മേൽവിലാസം പോലും അപകടപ്പെടുത്തി അന്ത്യോഖ്യാ പാത്രിയർക്കേറ്റിന്റെ ഒരു അനുബന്ധ സ്ഥാപനമായിത്തീരുക എന്ന സാദ്ധ്യത വലിയൊരു ഭയമാണ് എന്നിൽ സൃഷ്ടിച്ചത്. അതായത് ഇരുവിഭാഗവും തമ്മിലുള്ള സംഘർഷം മൂലമുള്ള ക്രിസ്തീയ പ്രതിസാക്ഷ്യത്തിനും പാത്രിയർക്കീസ് വിഭാഗത്തിന്റെ സ്വതന്ത്ര നിലനില്പ് നഷ്ടപ്പെടുത്തി അന്ത്യോഖ്യായുടെ ഒരു വാൽക്കഷണമായിത്തീരുക എന്ന ദുഃസ്ഥിതിക്കും ഈ കോടതിവിധി കാരണമാക്കും എന്നായിരുന്നു എന്റെ ചിന്ത.

എന്നാൽ ഈ ഭയപ്പാടുകൾ ദൂരീകരിക്കപ്പെടുകയായിരുന്നു. അന്നത്തെ സർക്കാരിന്റെ ജാഗ്രത കൊണ്ട് സംഘട്ടനങ്ങൾ ഒന്നും ഉണ്ടായില്ല. പരാജയപ്പെട്ടെങ്കിലും എറണാകുളത്ത് വച്ച് നടത്തിയ പടുകൂറ്റൻ പ്രകടനം പാത്രിയർക്കീസ് വിഭാഗത്തിന്റെ ആത്മവിശ്വാസത്തിന്റെ പ്രകാശനമായിരുന്നു. സുപ്രീം കോടതിയിൽ നൽകിയ സ്പെഷ്യൽ ലീവ് പെറ്റീഷൻ അനുവദിച്ച് മുൻ സ്ഥിതി തുടരാൻ സാധ്യമായിത്തീർന്നു. ഇതിനിടെ തോമസ് മാർ തീമോത്തിയോസ്, യൂഹാനോൻ മാർ മിലിത്തിയോസ്, ജോസഫ് മാർ ഗ്രീഗോറിയോസ്, സഖറിയാ മാർ നിക്കോളാവോസ് എന്നിവർ മെത്രാപ്പോലീത്താമാരായി വാഴിക്കപ്പെട്ടു. പാത്രിയർക്കീസ് വിഭാഗത്തിന് സമീപകാലത്ത് നഷ്ടപ്പെട്ടിരുന്ന ഐക്യവും നിശ്ചയദാർഢ്യവും പ്രതിസന്ധികളെ നേരിടുവാനുള്ള കരുത്തും വീണ്ടെടുക്കുവാൻ സാധിച്ചതായി തോന്നി.

സുപ്രീംകോടതിയിൽ കേസ് പരിഗണിക്കുന്നതിനു മുമ്പുള്ള ഇടവേള സമാധാന ആലോചനകൾക്ക് യോജിച്ച സമയമായി പാത്രിയർക്കീസ് വിഭാഗം വിലയിരുത്തി. അതിനു

വേണ്ടി ശ്രമിക്കണമെന്ന ചിന്തയുമുണ്ടായി. ഈ വിഷയം സുന്നഹദോസിൽ ചർച്ച ചെയ്ത് അതിനുവേണ്ടി ഒരു കമ്മിറ്റിക്ക് രൂപം നല്കി. യൂഹാനോൻ മാർ മിലിത്തിയോസ്, ഡോ. ഡി. ബാബു പോൾ ഐ.എ.എസ്. എന്നിവരോടൊപ്പം ഞാനും ആ കമ്മിറ്റിയിൽ അംഗമായിരുന്നു. അനുരഞ്ജനത്തിന് മദ്ധ്യസ്ഥത വഹിക്കുവാൻ ആർച്ച് ബിഷപ്പ് മാർ ജോസഫ് പൗവത്തിൽ, അലക്സാണ്ടർ മാർത്തോമാ വലിയ മെത്രാപ്പോലീത്ത, ബെനഡിക്ട് മാർ ഗ്രീഗോറിയോസ് എന്നീ പിതാക്കന്മാർ സന്നദ്ധരായി. അവർ ഓർത്തഡോക്സ് സഭാനേതൃത്വവുമായി ഈ കാര്യത്തിന് ബന്ധപ്പെട്ടപ്പോൾ മറുപടി തികച്ചും നിരാശാജനകമായിരുന്നു. മദ്ധ്യസ്ഥർ ശ്രമത്തിൽ നിന്ന് പിന്മാറുകയും ചെയ്തു. വിട്ടുവീഴ്ചയ്ക്ക് തയ്യാറായിരുന്ന അന്നത്തെ പാത്രിയർക്കീസ് വിഭാഗത്തിന്റെ സഭൈക്യ താല്പര്യവും സഹകരണവും വിവേകപൂർവ്വം പ്രയോജനപ്പെടുത്താതെ കാതോലിക്കാപക്ഷം പ്രശ്നപരിഹാരത്തിന് സാധ്യത നഷ്ടപ്പെടുത്തി. അത് ഭവിഷ്യത്തുകളെ നേരിടാൻ പാത്രിയർക്കീസ് വിഭാഗത്തെ സ്വയം സജ്ജമാക്കുവാൻ പ്രേരണ നൽകി.

അനുരഞ്ജനത്തിനുള്ള നിർദ്ദേശം മറുഭാഗം തള്ളിയതിനെ തുടർന്ന് കേസിൽ പരാജയമുണ്ടായാൽ അതിനെ നേരിടുവാൻ തയ്യാറെടുപ്പുകൾ ആരംഭിച്ചു. കൂടെ നിൽക്കുന്ന ജനസമൂഹത്തിന് സംരക്ഷണം കൊടുക്കുന്നത് തങ്ങളുടെ ബാധ്യതയായി കരുതി അതിനുവേണ്ടിയുള്ള തന്ത്രങ്ങൾ ആവിഷ്കരിക്കുവാൻ പാത്രിയർക്കീസ് വിഭാഗം നിർബന്ധിതമായി. കാരണം അത് ജനത്തോട് ഉത്തരവാദിത്തമുള്ള നേതൃത്വത്തിന്റെ ലക്ഷണമാണ്.

ഇതിനായി പലതലങ്ങളിൽ ആവശ്യമായ സജ്ജീകരണങ്ങൾ ആരംഭിച്ചു. ഒന്നാമതായി സഭയിൽ നിലനിന്നിരുന്നത് ഒരു നിയമയുദ്ധം ആയിരുന്നതിനാൽ കേസ് കാര്യക്ഷമമായി നടത്തുവാനുള്ള ക്രമീകരണങ്ങൾ ഉണ്ടാക്കുവാൻ തീരുമാനമായി. യൂഹാനോൻ മാർ മിലിത്തിയോസ് മെത്രാപ്പോലീത്തായുടെ കീഴിൽ കാര്യശേഷിയുള്ള ഒരു വ്യവഹാര കമ്മിറ്റിക്ക് രൂപം കൊടുത്തു. ആസന്നമായ കേസിൽ തങ്ങളുടെ ന്യായവാദങ്ങൾ വേണ്ടവിധം അവതരിപ്പിക്കുവാൻ പ്രാപ്തിയുള്ള അഭിഭാഷകരെ ചുമതലപ്പെടുത്തി. വ്യവഹാര കാര്യത്തിന് ആവശ്യമായ സാമ്പത്തികവും ധാർമ്മികമായ പിന്തുണയും ജനങ്ങളിൽ നിന്ന് നിർലോഭമായി കിട്ടുകയും ചെയ്തു.

രണ്ടാമതായി കോടതിയിൽ നിന്ന് ഏതെങ്കിലും കാരണവശാൽ പ്രതികൂല വിധിയുണ്ടായാൽ അതിനെ എങ്ങനെ നേരിടണമെന്നും ആലോചിച്ചു. പാത്രിയർക്കേറ്റിനോട് വളർത്തിയെടുത്ത അന്ത്യോഖ്യൻ വികാരം കൊണ്ട് മാത്രം പ്രതിസന്ധി അതിജീവിക്കുവാൻ സാധിക്കുമായിരുന്നില്ല. ആശയപരവും വേദശാസ്ത്രപരമവുമായ ഒരു അടിത്തറയും വ്യതിരിക്തമായ ഒരു ആദ്ധ്യാത്മികതയും ജനകീയ പിൻബലവും സഭയ്ക്ക് അതിജീവനശക്തി നൽകുമെന്ന് വിലയിരുത്തി. വിശ്വാസപരമായ തനിമയും വേദശാസ്ത്രപരമായ വ്യക്തതയും സൃഷ്ടിച്ച് തനതായ സ്വത്വബോധം സഭയ്ക്ക് ഉണ്ടാകേണ്ടതും നിലനിൽപിന് ആവശ്യമാണെന്ന് മനസ്സിലായി. കക്ഷിവഴക്കുണ്ടായിട്ട് ഏറെക്കാലമായിരുന്നെങ്കിലും വേദശാസ്ത്ര - വിശ്വാസതലങ്ങളിൽ അത് ഓർത്തഡോക്സ് കക്ഷിയിൽ നിന്ന് എങ്ങനെ വ്യത്യാസപ്പെട്ടിരുന്നു എന്ന് വ്യക്തത ഉണ്ടായിരുന്നില്ല. അതുകൊണ്ട് പ്രതികൂല സാഹചര്യം ഉണ്ടാകുന്ന സാഹചര്യത്തിൽ നിലനില്പ് അപകടത്തിലാകാതിരിക്കുവാൻ വേദശാസ്ത്രവും-വിശ്വാസപരമായ വ്യക്തിത്വം ആർജ്ജിക്കേണ്ടിയിരുന്നു. ഈ ആവശ്യം പരിഗണിച്ചാണ് 'ഇത് വിശ്വാസത്തിന്റെ കാര്യം' എന്ന ലഘു ഗ്രന്ഥം ഞാൻ തയ്യാറാക്കിയത്. സെമിനാരി പബ്ലിക്കേഷൻസ് അത് പ്രസിദ്ധീകരിച്ചു. കക്ഷിവഴക്കിൽ അധികാരവടംവലിക്ക് അപ്പുറമായി പാത്രിയർക്കീസ് വിഭാഗത്തെ സംബന്ധിച്ച് അതിന്റെ നിലപാട് വിശ്വാസപരമായ അടിസ്ഥാനത്തിലുള്ളതാകയാൽ അത് സംരക്ഷിക്കുവാനുള്ള പോരാട്ടത്തിലാണ് സഭ എന്ന് സമർത്ഥിക്കുവാനാണ് ആ ഗ്രന്ഥത്തിൽ ശ്രമം നടന്നത്. ഓർത്തഡോക്സ് വിഭാഗത്തിന്റെ സഭാവിജ്ഞാനീയം സുറിയാനി സഭാപാരമ്പര്യത്തിന് അന്യമാണ് എന്നും അത് ബിസന്റിനിയൻ സഭകളിൽ നിന്ന് സൗകര്യാർത്ഥം കടമെടുത്തിട്ടുള്ളതാണെന്നും ഇത്തരത്തിലുള്ള ചിന്തയ്ക്ക് അടിസ്ഥാനമായ രീതിശാസ്ത്രം (methodology) വൈകല്യമാർന്നതാണെന്നും ആയിരുന്നു ഗ്രന്ഥത്തിലെ വാദം. അതുകൊണ്ട് കേസിൽ പരാജയമുണ്ടായാലും വിശ്വാസം സംരക്ഷിക്കുവാനായി ഒന്നിച്ചു നിൽക്കണമെന്ന സന്ദേശമാണ് ഗ്രന്ഥം നൽകിയത്. ഈ ലഘു ഗ്രന്ഥം പാത്രിയർക്കീസ് വിഭാഗത്തിന് പുതിയൊരുണർവ്വും സ്വത്വബോധവും നൽകി. വളരെ വ്യാപകമായ സ്വാഗതമാണ് ഈ പുസ്തകത്തിന് കിട്ടിയത്. ഓർത്തഡോക്സ് കക്ഷിയുടെ ഐക്യവിരുദ്ധവും, ആധിപത്യപരവുമായ സമീപനത്തെ പ്രതിരോധിക്കുവാനുള്ള ഫലപ്രദമായ ഒരു തന്ത്രമായി ഇത് പരിണമിച്ചു. ആ ഗ്രന്ഥത്തിനെതിരെ ഒരു ഖണ്ഡന പ്രതികരണം വി.സി. സമുവൽ അച്ചനെക്കൊണ്ട് ഓർത്തഡോക്സ് വിഭാഗം എഴുതിച്ച് 'മലങ്കരസഭ' യിൽ പ്രസിദ്ധീകരിച്ചെങ്കിലും അതിലെ വാദമുഖങ്ങൾ താരതമ്യേന ദുർബലമായിരുന്നു.

മലങ്കര സുറിയാനി സഭയിലെ നവീകരണ പ്രസ്ഥാനത്തിന് പ്രതികൂല സാഹചര്യങ്ങളെയും കോടതിൽ നിന്ന് അനുകൂലമല്ലാത്ത വിധികളെയും അതിജീവിക്കാൻ പ്രാപ്തമാക്കിയത് ശക്തമായ ഒരു ആദ്ധ്യാത്മിക പ്രസ്ഥാമായി അത് രൂപപ്പെട്ടതിനാലാണ്. നവീകരണ-ഉണർവ്വ് ആദ്ധ്യാത്മികതയും അതിന്റെ മൂർത്തരൂപമായ മാരാമൺ കൺവെൻഷനും അതിന് ശക്തമായ ആത്മീക അനുഭ

വവും കൂട്ടായ്മയും നൽകി. പ്രതിസന്ധിയുടെ സമയത്ത് ഒരു സഭയായി അതിന് രൂപം നൽകിയത് ഈ ആദ്ധ്യാത്മീകത ആയിരുന്നു. മാറിയ സാഹചര്യത്തിൽ ഈ മാതൃക ഒന്ന് പരീക്ഷിക്കുവാൻ ശ്രമം നടന്നതിന്റെ ഭാഗമായിട്ടാണ് പുത്തൻകുരിശ് കൺവെൻഷന്റെ ആരംഭം. വലിയ കൂട്ടമാണ് ആദ്യഘട്ടങ്ങളിൽ അവിടെയെത്തിയത്. അതിനോട് ചേർന്നുള്ള പുതുവർഷ ആരാധന വലിയൊരനുഭവമായി. ഒരു വലിയ ജനകീയ അടിത്തറയും പങ്കാളിത്തവുമുള്ള പ്രസ്ഥാനമായി ഇത് പാത്രിയർക്കീസ് വിഭാഗത്തെ പരിവർത്തനപ്പെടുത്തി. ജനങ്ങൾക്ക് അഭൂതപൂർവ്വമായ ഉണർവ്വും പ്രത്യാശയുമാണ് ഇത് നൽകിയത്. ഇതുമൂലം കൈവന്ന ആദ്ധ്യാത്മീക ചൈതന്യം സഭയ്ക്ക് അപ്രതിരോധ്യമായ ചെറുത്തുനില്പിന് കരുത്തു നൽകി എന്നതും ഒരു അനുഭവ യാഥാർത്ഥ്യമാണ്. സഭാനേതൃത്വത്തെ സംബന്ധിച്ചിടത്തോളം വിജയകരമായി പരീക്ഷിക്കപ്പെട്ട ഒരു പ്രതിരോധ തന്ത്രവും.

സമാധാന നിർദ്ദേശം അവഗണിക്കപ്പെട്ട സാഹചര്യത്തിൽ പാത്രിയർക്കീസ് വിഭാഗത്തെ ഘടനാപരമായി പുനഃക്രമീകരിക്കുന്നതിനുള്ള സാധ്യത ആലോചിച്ചു. 1934 മുതൽ ഓർത്തഡോക്സ് വിഭാഗത്തിന് ഒരു ഭരണഘടന ഉണ്ടായിരുന്നു. സമാനമായ ഒന്ന് സൃഷ്ടിച്ച് സഭാഭരണം വ്യവസ്ഥിതമാക്കിയാലേ അതിന് കെട്ടുറപ്പും നിലനില്പും ഉണ്ടാകൂ എന്ന ചിന്തയും ഉണ്ടായി. 1920 മുതൽ അതിനുള്ള ശ്രമം പാത്രിയർക്കീസ് വിഭാഗത്തിൽ നിന്ന് ഉണ്ടായതാണ്. എന്നാൽ അത് നടന്നില്ല. സഭയിലെ സ്ഥാനങ്ങൾ തമ്മിലുള്ള ബന്ധത്തിലെ ചില അവ്യക്തതകളും തീരുമാനങ്ങൾ എടുക്കുന്നതിന് പാത്രിയർക്കീസ് വിഭാഗത്തിനുണ്ടായിരുന്ന അസ്വാതന്ത്ര്യവും ഭരണഘടനാരചന നിർവ്വഹിക്കുന്നതിനും തടസ്സമായിരുന്നു. അന്ത്യോഖ്യാ പാത്രിയർക്കീസും മലങ്കരസഭയുമായുള്ള ബന്ധം നിർവ്വചിക്കുന്നിതിന് സാധിക്കുമായിരുന്നില്ല. പാത്രിയർക്കീസിന് മലങ്കരയിലുള്ള ഇടപെടൽ സ്വാതന്ത്ര്യം നിയന്ത്രണാതീതമായിരിക്കണമെന്ന ചിന്തയാണ് പാത്രിയർക്കീസിനും ആ വിഭാത്തിലെ കുറെ ആൾക്കാർക്കും ഉണ്ടായിരുന്നത്. അതായത് പാത്രിയർക്കീസിന്റെ അധികാരം നിജപ്പെടുത്തുന്നതിൽ അദ്ദേഹത്തെ തങ്ങൾക്ക് ആവശ്യമുള്ളപ്പോഴൊക്കെ ഇവിടെ കൈകടത്തിക്കണമെന്ന ചിന്തയുള്ളവർക്കും ഇക്കാര്യത്തിൽ താല്പര്യമില്ലാത്തതുകൊണ്ട് പാത്രിയർക്കീസിന്റെ അധികാര നിർവ്വചനം സാധ്യമാകുമായിരുന്നില്ല. അതുപോലെ തന്നെ പ്രബലമായ ഇടവകകൾക്ക് ഒരു ഭരണഘടനയുടെ ചട്ടക്കൂട്ടിൽ നിന്ന് പ്രവർത്തിക്കുവാൻ ആഗ്രഹമില്ലാതിരുന്നതുകൊണ്ട് ഭദ്രാസന-ഇടവക ബന്ധവും നിർവ്വചിക്കുവാൻ സാധ്യമാകുമായിരുന്നില്ല. ഈ സാഹചര്യത്തിൽ ഭരണഘടന ഉണ്ടാക്കി നടപ്പിലാക്കുന്നതിന് സാധിക്കുന്ന ഏക വ്യക്തി അന്ത്യോഖ്യാ പാത്രിയർക്കീസ് മാത്രമായിരുന്നു. എന്നാൽ അദ്ദേഹത്തിന് ഭരണഘടന ഉണ്ടാക്കി സ്വയം നിയന്ത്രണം ഏർപ്പെടുത്തുന്നതിന് ആഗ്രഹമുണ്ടായിരുന്നില്ല. അതുകൊണ്ട് വ്യവസ്ഥാപിതമായ സഭാഭരണത്തിനുള്ള ഒരു രേഖ സൃഷ്ടിക്കുന്ന ഏതൊരു നീക്കവും അട്ടിമറിക്കപ്പെട്ടുകൊണ്ടിരുന്നു. ഏതായാലും നല്ലൊരു ഭരണഘടനയും അതിന് അനുസൃതമായ ഭരണസംവിധാനവും ഉണ്ടാകേണ്ടത് കേസ്സിൽ പരാജയമുണ്ടായാൽ പിടിച്ചുനിൽപിനും അന്ത്യോഖ്യാ പാത്രിയർക്കേറ്റുമായുള്ള ബന്ധം വ്യവസ്ഥാപിതമായി കൊണ്ടുപോകുന്നതിനും അനിവാര്യമെന്ന് ബോധ്യപ്പെട്ടതിനാൽ ആ ചുമതല എപ്പിസ്കോപ്പൽ സുന്നഹദോസ് എന്നെ ഏല്പിച്ചു. ആർക്കും എതിർപ്പ് വരാതെവണ്ണം പ്രത്യേക ശ്രദ്ധയോടെ അധികാര സ്ഥാനങ്ങളും സ്ഥാന ബന്ധങ്ങളും നിർവ്വചിച്ച് ഭരണഘടന നക്കൽ പൂർത്തിയാക്കി. സ്ഥിരം എതിർപ്പുകാർ പ്രകോപന പ്രസ്താവന നടത്തി അത് പാസാക്കുന്ന പ്രക്രിയ അട്ടിമറിക്കുന്നതിൽ വിജയിച്ചു. ഈ വിഷയത്തിൽ ലക്ഷ്യം നേടാനായില്ലെങ്കിലും ഒരു ഭരണഘടനയും വ്യവസ്ഥാപിത ഭരണസംവിധാനവും അധികാര ബന്ധങ്ങളുടെ പുനഃനിർവ്വചനവും ആവശ്യമെന്ന ബോധം സൃഷ്ടിക്കുന്നതിന് സാധിച്ചു. സുപ്രീം കോടതിയുടെ വിധിയുണ്ടാകുന്ന സാഹചര്യത്തിൽ പാത്രിയർക്കീസ് വഭാഗത്തെ പുനഃക്രമീകരിക്കാൻ ഘടനാതലത്തിൽ ശക്തീകരിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായിരുന്നു, ഭരണഘടന നിർമ്മാണം.

അതായത് അധ്യാത്മിക-സഭാഭരണ-വേദശാസ്ത്ര-വ്യവഹാര രംഗങ്ങളിൽ പാത്രിയർക്കീസ് വിഭാഗം ശക്തീകരണം പ്രാപിച്ച് ഏത് ഭവിഷ്യത്തിനെയും നേരിടുവാൻ സജ്ജമകുകയായിരുന്നു. അതിൽ ഏറെക്കുറെ വിജയിച്ചു എന്നത് വാസ്തവമാണ്. എന്നാൽ ന്യായമായൊരു കോടതിവിധിയാണ് ഉണ്ടാകുന്നതെങ്കിൽ അതിനെ എങ്ങനെ സഭൈക്യത്തിന് ഉപയോഗപ്പെടുത്താം എന്നതിനെപ്പറ്റി കാര്യമായ ചിന്തയും ചർച്ചയും നടന്നില്ല.

ഇതിന്റെ ഭാഗമായിത്തന്നെ കേരളത്തിലെ മറ്റുസഭകളുമായി അടുത്തബന്ധം സൃഷ്ടിക്കുന്നതിന് സമഗ്രമായ ശ്രമം നടന്നു. കേരളത്തിലെ ക്രൈസ്തവ സഭകളിൽ നിന്ന് ഒറ്റപ്പെട്ട നിലയിലായിരുന്നു അന്ന് പാത്രിയർക്കീസ് വിഭാഗം. അതുകൊണ്ട് സഭാസമൂഹങ്ങളിൽ അതിന്റെ സാന്നിദ്ധ്യം ഉറപ്പിക്കാനായിരുന്നു ശ്രമം. 1991 ൽ കേരളാ കൗൺസിൽ ഓഫ്

### ജന്മദിനാഘോഷം

കണ്ടനാട് (E) ഭദ്രാസന മെത്രാപ്പോലീത്ത ഡോ. തോമസ് മാർ അത്താനാസ്യോസ് തിരുമേനിയുടെ 59-ാം ജന്മദിനം 2010 ജൂൺ 28-ാം തീയതി തിങ്കളാഴ്ച ആഘോഷിക്കുന്നു. അന്ന് രാവിലെ 8 മണിക്ക് തിരുമേനി ഭദ്രാസന ആസ്ഥാനമായ മൂവാറ്റുപുഴ സെയ്ന്റ് തോമസ് കത്തീഡ്രലിൽ വി. കുർബ്ബാന അർപ്പിക്കുന്നതാണ്.

ചർച്ചസിന്റെ അദ്ധ്യക്ഷനായി ഞാൻ തിരഞ്ഞെടുക്കപ്പെട്ടത് പാത്രിയർക്കീസ് വിഭാഗത്തിന് ഒരു ധാർമ്മിക ശക്തീകരണമായിരുന്നു. തുടർന്ന് ലോകസഭാ കൗൺസിലിന്റെ ഒരു കമ്മിറ്റിയിലെ ഒരു അംഗമായി തിരഞ്ഞെടുക്കപ്പെട്ടു. അതോടൊപ്പം നാഷണൽ കൗൺസിൽ ഓഫ് ചർച്ച്സ്, ക്രിസ്ത്യൻ കൗൺസിൽ ഓഫ് ഏഷ്യ, എക്യുമെനിക്കൽ ക്രിസ്ത്യൻ കൗൺസിൽ എന്നീ എക്യുമെനിക്കൽ പ്രസ്ഥാനങ്ങളിലും സഭ സജീവമായി പങ്കാളിത്തം വഹിച്ചു.

ഏതാനും വർഷങ്ങളായി മുടങ്ങി കിടന്നിരുന്ന കത്തോലിക്കാ സഭയുമായിട്ടുള്ള സംവാദം കാര്യക്ഷമമായി പുനഃരാരംഭിക്കുവാൻ പുതിയൊരു സംഘത്തെ നിയമിച്ചു. യൂഹാനോൻ മാർ മിലിത്തിയോസ് മെത്രാപ്പോലീത്ത, ഫാ. ആദായി ജേക്കബ്, ഫാ. ചെറിയാൻ പൂതികോട്ട്, ഫാ. കുറിയാക്കോസ് മൂലയിൽ, ഡോ. ഡി. ബാബു പോൾ ഐ. എ.എസ്. തുടങ്ങിയവർ അംഗങ്ങളായ കമ്മിറ്റിയുടെ അദ്ധ്യക്ഷനായി എന്നെ ചുമതലപ്പെടുത്തി. വളരെ സൃഷ്ടിപരമായ ചർച്ചകൾ നടന്നു. സഭാന്തര വിവാഹത്തിന് ഇരുസഭകളും അംഗീകാരം നൽകി. സഹകരിക്കാവുന്ന മേഖലകൾ കൂട്ടായി പ്രവർത്തിക്കുന്നതിനുള്ള സാധ്യതകളെപ്പറ്റി അനേഷണങ്ങൾ ഉണ്ടായി. എന്തെങ്കിലും നടക്കണമെന്ന ആഗ്രഹവും തുറന്ന മനസ്സും ഇച്ഛാശക്തിയുമാണ് ഇതിന് സഹായകമായത്. ദൂരക്കാഴ്ചയോടെ പ്രവർത്തിക്കാൻ സാധിച്ച ഈ കമ്മിറ്റിക്ക് കത്തോലിക്കാ സഭയുമായി സൗഹൃദം സ്ഥാപിക്കാൻ സാധിച്ചത് പിൽക്കാലത്ത് ഏറെ സഹായകമായി.

മാർത്തോമാ, സി.എസ്.ഐ. കല്ദായ സഭകളുമായി കൂടുതൽ അടുപ്പമുണ്ടാക്കിയ കാലഘട്ടവുമായിരുന്നു അത്. മാർത്തോമാ സഭാമണ്ഡലത്തെ അഭിസംബോധന ചെയ്യുവാനും മാരാമൺ കൺവെൻഷനിൽ രണ്ട്മൂന്ന് പ്രാവശ്യം പ്രസംഗിക്കുവാനും എനിക്ക് അവസരം ലഭിച്ചതും ഈ കാലഘട്ടത്തിലായിരുന്നു.

പട്ടക്കാരുടെ വേദശാസ്ത്രപഠനം പൊതുവെ അപര്യാപ്തപരമായിരുന്നു എന്ന ധാരണ അക്കാലത്ത് പടർന്നിരുന്നു. അതുകൊണ്ട് സമർത്ഥരായ വൈദീക വിദ്യാർത്ഥികളെ കണ്ടെത്താനും അവരെ കേരളത്തിന് പുറത്തുള്ള സെമിനാരികളിൽ പഠിപ്പിച്ച് ഭേദപ്പെട്ട അക്കാദമിക മേന്മയും എക്യുമെനിക്കൽ ചിന്തയും നേടുവാനും സാഹചര്യം ഒരുക്കി. ഇത് നല്ല പഠനം സിദ്ധിച്ച നിരവധി വൈദീകരെ ഭദ്രാസനത്തിന് ലഭ്യമാക്കി. അതുപോലെ തന്നെ വിദ്യാർത്ഥി പ്രസ്ഥാനത്തെ വിപുലീകരിച്ച് വിദ്യാർത്ഥികളെ പ്രബുദ്ധരാക്കുന്നതിന് ശ്രമിച്ചു. അന്ന് അതിൽ പ്രവർത്തിച്ച പലരും ഇന്ന് സഭയിൽ ഉയർന്ന നിലയിലെത്തിച്ചേർന്നിരിക്കുന്നു.

ഇതോടൊന്നിച്ച് സഭയിൽ പഠനത്തിനും ദൗത്യനിർവ്വഹണത്തിനും വേണ്ടി കൂടുതൽ സ്ഥാപനങ്ങൾ ഉണ്ടാക്കുന്നതും പ്രഥമ പരിഗണനയായി സഭ കണ്ടു. വെട്ടിക്കൽ സെമിനാരി, സമന്വയ എക്യുമെനിക്കൽ സെന്റർ, പിറവം കോളേജ്, ട്രിനിറ്റി റിട്ടയർമെന്റ് ഹോം എന്നീ സ്ഥാപനങ്ങളെല്ലാം ഈ കാലഘട്ടത്തിൽ രൂപം കൊണ്ടതാണ്. നിയമപരമായി ഉണ്ടാകാവുന്ന പ്രതികൂല സാഹചര്യങ്ങളെ ഫലപ്രദമായി നേരിടുന്നതിന് കരുത്ത് ആർജ്ജിക്കുക എന്നതായിരുന്നു ഈ സ്ഥാപനങ്ങൾ ഉണ്ടാക്കുന്നതിന് പ്രേരണ നൽകിയ ഒരു ഘടകം.

പാത്രിയർക്കീസ് വിഭാഗം സമർപ്പിച്ച സമാധാന ആലോചനയോട് ക്രിയാത്മകമായി പ്രതികരിക്കുവാൻ ഓർത്തഡോക്സ് വിഭാഗം വിവേകവും എളിമയും കാണിച്ചിരുന്നെങ്കിൽ സ്വയം രക്ഷയ്ക്കായി പാത്രിയർക്കീസ് വിഭാഗം ഇത്തരമൊരു ശ്രമം നടത്തുകയില്ലായിരുന്നു. കേസിൽ ഒരുപക്ഷേ തോല്ക്കുമെന്ന ഭീതി ഉണ്ടായിരുന്നതുകൊണ്ട് കുറെ വിട്ടുവീഴ്ചയ്ക്കും അത് തയ്യാറാകുമായിരുന്നു. സഭയുടെ ഐക്യത്തിനും വളർച്ചയ്ക്കും ഉപരിയായി വിഭാഗീയ, സ്വാർത്ഥ ചിന്തകൾക്ക് ഊന്നൽ കൊടുത്ത ഓർത്തഡോക്സ് സഭാവിഭാഗ നേതൃത്വത്തിന് അടിസ്ഥാന ദൈവനിയോഗം ഗൗരവമായി എടുക്കാൻ സാധിച്ചില്ല.

സഭയുടെ വർത്തമാനകാല ചരിത്രം മാറ്റിയെടുക്കാമായിരുന്ന ചരിത്രനിയോഗം വിസ്മരിച്ച് പ്രതിസാക്ഷ്യത്തിന്റെ ചരിത്രം സൃഷ്ടിച്ചതാണ് കഴിഞ്ഞകാലങ്ങളിൽ സമൂഹം ദർശിച്ചത്. എങ്കിലും ദൈവനിയോഗത്തിൽ നിന്നകന്ന് ഒരു സഭാസമൂഹത്തിലെ രണ്ട് വിരുദ്ധ ചേരികളുടെ പടയൊരുക്കത്തിന്റെ സമയത്ത് എന്റെ ശുശ്രൂഷാ ജീവിതത്തിലും വ്യക്തിജീവിതത്തിലും ഞാനനുഭവിച്ച ദൈവീക സ്വാന്തനത്തിന്റെ കരസ്പർശവും വഴി നടത്തലും ഞാൻ നന്ദിപൂർവ്വം അനുസ്മരിക്കുന്നു. *(തുടരും)*

സസ്നേഹം

നിങ്ങളുടെ
അത്താനാസ്യോസ് തോമസ്
മെത്രാപ്പോലീത്ത

## നിയമിച്ചു.



കോട്ടയം: കണ്ടനാട് ഈസ്റ്റ് ഭദ്രാസന സെക്രട്ടറി ബഹു. കാരാമ്മേൽ എബ്രഹാം കശീശായെ ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി ഗവേണിംഗ് ബോർഡ് മെമ്പറായി പരി. കാതോലിക്കാ ബാവാ നിയമിച്ചു. ബഹു. അച്ചൻ കൽക്കട്ടാ ബിഷപ്പ്സ് കോളേജിൽ നിന്ന് ദൈവശാസ്ത്രത്തിൽ ബിരുദവും മധുര ടി.ടി.എസ്. ൽ നിന്ന് സോഷ്യൽ അനാലിസിസിൽ ബിരുദാനന്തര ബിരുദവും, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ നിന്ന് M.Phil ഉം കരസ്ഥമാക്കിയിട്ടുണ്ട്.

ശിഖ

# അഹം

സഖേർ

"ദൈവത്തിന്റെ
കണ്ണ് എല്ലാം
നല്ലതെന്നല്ലേ
കാണുക?"

**വി**ശുദ്ധ യോഹന്നാന്റെ സുവിശേഷത്തിൽ നിന്ന് (8:1–11). യേശുവിന് ചുറ്റും ഒരാൾക്കൂട്ടം. നടുവിൽ ഒരു സ്ത്രീ വീണുകിടക്കുന്നുണ്ട്. കരുണ കാക്കുന്നുണ്ട് അവളുടെ കണ്ണുകൾ. കുറ്റപ്പെടുത്തലാണ് ശാസ്ത്രിമാരുടെ സ്വരം നിറയെ. ശിഷ്യന്മാരുടെ മുഖത്താകട്ടെ ആശങ്കയും പ്രതീക്ഷയുമുണ്ട്. മനസാക്ഷിയുടെ ആക്ഷേപം ഹേതുവായി അവളെ കുറ്റം വിധിക്കാനുള്ള ധൈര്യമില്ലാതെ പോകുന്ന ധാർമ്മികത നഷ്ടപ്പെട്ട ജനക്കൂട്ടിലാണോ ഇനി നാമുൾപ്പെടുക. സഹജീവിയെ വിധിക്കാനൊരുമ്പെടുന്ന ഓരോ നേരത്തും നാം ഈ നിൽക്കുന്നവരിൽ ആരുടെ പക്ഷത്താണെന്ന് വിചാരമുണ്ടാവണം. അതോ ഏത് പാപാവസ്ഥയിലും മോശപ്പെട്ട സാഹചര്യത്തിലും പുതുജീവന് സാധ്യതയുണ്ടെന്ന് പഠിപ്പിക്കുന്ന ക്രിസ്തുവിനോട് ചേർന്ന് നിൽക്കാനാവുന്നുണ്ടോ? ക്രിസ്തുവിലാകാതെ എങ്ങനെയാണ് പുതിയ സൃഷ്ടിയാവുക?

നാം ജീവിക്കുന്ന ഇടങ്ങളിൽ നമ്മുടെ പങ്കെന്താണ്? ജന്മത്തിന്റെ അർത്ഥമെന്താണ്? ക്രിസ്തുവിൽ യഥാസ്ഥാനപ്പെടുമ്പോഴാണ് നമ്മുടെ മനുഷ്യാവതാരത്തിന്റെ അർത്ഥം നമുക്ക് മനസ്സിലാവുക. ദൈവത്തിന്റെ കണ്ണ് എല്ലാം നല്ലതെന്നല്ലേ കാണുക. ഒരു ദൈവീകമായ കാഴ്ചപ്പാടുണ്ടാവുന്നതിനെക്കുറിച്ച് വലുതായ ഭാരമുണ്ടാകണം.

സത്യത്തിൽ പലപ്പോഴും നമ്മുടെ 'പൊസിഷനുകൾ' തന്നെയാണ് പല വികല കാഴ്ചപ്പാടുകൾക്കും കാരണം. ചില 'സ്ഥാന'ങ്ങളിലെത്തിയാൽ പലർക്കും 'അധികാരതിമിരം' പോലെയുള്ള അസുഖങ്ങൾ പെട്ടെന്നാണ് ബാധിക്കുക. ഇത്തരം അഹന്ത നിറഞ്ഞ പെരുമാറ്റങ്ങളുടെ ബഹുലത കൊണ്ടാവും 'ഏറ്റുമുട്ടലുകൾ' മാത്രമല്ലേ നമുക്ക് ബാക്കിയാവുന്നുള്ളൂ. 'ആകയാൽ നിൽക്കുന്നു എന്ന് തോന്നുന്നവർ വീഴാതിരിപ്പാൻ സൂക്ഷിച്ചുകൊള്ളട്ടെ' എന്ന വചനത്തെ ഗാഢമായ മനനത്തിന് വിഷയമാക്കണം.

പള്ളിനിദ്രയുണർന്നപ്പോഴാണ് രാജാവിന് പുതിയൊരു സന്ദേഹമുയർന്നത്. "എന്താണ് ദൈവത്തിന്റെ പണി?" ആസ്ഥാനസഭായോഗം വിളിച്ചുകൂട്ടി. മന്ത്രിമാരും പണ്ഡിത പ്രമുഖരും തുടങ്ങി ഏവരും ഓരോ ഉത്തരങ്ങൾ പറഞ്ഞു. രാജമനസ്സിന് തൃപ്തി വന്നില്ല. നാട്ടിലെങ്ങും വിളംബരം നടത്താൻ ഉത്തരവായി. "ദൈവത്തിന്റെ പണി" എന്താണെന്ന് രാജാവിനെ ബോധ്യപ്പെടുത്തുന്നവർക്ക് വമ്പിച്ച സമ്മാനങ്ങൾ!

> **"എനിക്ക് ദൈവത്തെ കാണാനാവുന്നില്ലല്ലോ. എന്നതിനേക്കാളും ദൈവത്തിന് കാണാനാവുന്ന ഒരു ജീവിതം എനിക്കുണ്ടാവുന്നില്ലല്ലോ എന്ന് എപ്പോഴാണ് നാം അനുതപിക്കുക?"**

ആരെത്ര പറഞ്ഞിട്ടും രാജാവിന് ബോധ്യം വരുന്നില്ല. കാരണം രാജ്യം ഭരിക്കുന്നത് താനാണ്. ന്യായപാലനത്തിന് കോടതിയുണ്ട്. സമാധാനം സൂക്ഷിക്കാൻ ഭടന്മാരുണ്ട്. വിളവ് നല്കാൻ കർഷകരുണ്ട്. അങ്ങനെ എല്ലാത്തിനും ആളുകളുണ്ട്. പിന്നെ ദൈവത്തിന് എന്താണ് പണി? വളരെയേറെ ആളുകൾ ശ്രമിച്ചു. അന്യദേശത്തു നിന്നുവരെ പണ്ഡിതന്മാരെത്തി. രാജാവ് ഉത്തരം ലഭിക്കാത്തതിൽ വലിയ ക്രോധം പൂണ്ടു. ജനങ്ങൾ ഭയപ്പെട്ടു.

അങ്ങനെയിരിക്കെ ഒരു ഇടയബാലൻ ഈ വിളംബരം കേൾക്കുകയും രാജാവിന് ഉത്തരം നൽകാനെത്തുകയും ചെയ്തു. മഹാജ്ഞാനികൾ പരാജയം സമ്മതിച്ചിടത്ത് ഈ ചെറിയ കുട്ടി എന്താണ് പറയുക എന്ന് രാജസദസ്സിലുള്ളവർ കൗതുകത്തോടെ കാത്തുനിന്നു. സഭയുടെ മധ്യത്തിലേക്ക് കടന്നുചെന്ന് അവൻ രാജാവിനെയും ശേഷമുള്ളവരെയും ആദരവോടെ വണങ്ങി. എല്ലാവരും നിർന്നിമേഷരായി നിൽക്കുകയാണ്.

'നിന്റെ ഉത്തരമെന്താണ്? ദൈവത്തിനെന്താണ് പണി?'

രാജശാസനം കേട്ടിട്ടും ഇടയബാലൻ മൗനം അവലംബിച്ചു. നിശബ്ദതയുടെ ചെറിയൊരിടവേള. രാജാവിന്റെ ശബ്ദമുയർന്നു.

'നീ എന്താണ് ഒന്നും ഉരിയാടാത്തത്. വേഗം ഉത്തരം നൽകുക!'

ആ കുട്ടി രാജാവിനടുത്തേയ്ക്ക് അല്പം കൂടെ നീങ്ങി അദ്ദേഹത്തോട് ചോദിച്ചു.

"മഹാപ്രഭോ, എനിക്കൊരൊഗ്രഹമുണ്ട്. അത് സാധിച്ചുതരണമെന്നും അതിനുശേഷം ഉത്തരമേകാൻ അനുമതി നൽകണമെന്നും അപേക്ഷിക്കുന്നു." ഉത്തരം ലഭിക്കാനുള്ള വ്യഗ്രതയിൽ രാജാവ് പറഞ്ഞു: 'ശരി, നിന്റെ ഏതൊരാഗ്രഹവും നാം സാധിച്ചുതരാം.'

വളരെ പെട്ടെന്നായിരുന്നു അവന്റെ മറുപടി.

'പ്രഭോ, ഒരു നിമിഷം എനിക്ക് അവിടുത്തെ സിംഹാസനത്തിൽ ഒന്നിരിക്കണമെന്നാണ് എന്റെ മോഹം.'

സദസ്സ് സ്തബ്ധമായി നിന്നു. രാജാവിന്റെ പ്രതികരണം അപ്രതീക്ഷിതമായിരുന്നു. എന്തുവന്നാലും ചോദ്യത്തിന് ഉത്തരം മതി എന്ന നിലയിൽ രാജാവ് സിംഹാസനത്തിൽ നിന്നും താഴേയ്ക്കിറങ്ങി. ഇടയബാലനെ ഒരു നിമിഷത്തേയ്ക്ക് അതിൽ കയറ്റി

യിരുത്തി. സിംഹാസനത്തിൽ ഇരുന്ന നിമിഷം അവൻ ഉത്തരം പറഞ്ഞു.

"മഹാരാജാവേ, ദൈവത്തിന്റെ പണി ഇത്രേയുള്ളൂ! അവിടുന്ന് അഹങ്കാരികളെ സിംഹാസനത്തിൽ നിന്ന് ഇറക്കുകയും താഴ്ന്നവരെ ഉയർത്തുകയും ചെയ്യുന്നു!"

അഹങ്കാരം ഗോപുരം പണിയുന്ന ഓരോ ഇടങ്ങളിലും ദൈവം ഇടപെടുന്നുണ്ട്. നമ്മുടെ ഉയർത്തിക്കെട്ടലുകളെ തകർക്കുന്നുണ്ട്. ദൈവത്തെ മറന്നിട്ടുള്ള തീരുമാനങ്ങളുണ്ടാകരുത് ജീവിതത്തിൽ! ദൈവത്തിന് കാണാൻ കൊള്ളാവുന്ന ഒരു ജീവിതമുണ്ടാവണം നമുക്ക്. പണ്ട് കുഞ്ഞ് കരഞ്ഞതോർക്കുന്നില്ലേ. രാജാവിനെ കാണാനാശിച്ച് അമ്മയുടെ ഒക്കത്ത് കയറിയിരുന്നാണ് അവൻ ജനക്കൂട്ടത്തിൽ നിന്നത്. രാജാവ് വലിയ ഘോഷത്തോടെ കടന്നുപോയി. കുഞ്ഞ് കരയാൻ തുടങ്ങി.

'മകനെ, നീ രാജാവിനെ കണ്ടില്ലേ?' അമ്മ ചോദിച്ചു.

'ഞാൻ രാജാവിനെ കണ്ടു പക്ഷേ രാജാവ് എന്നെ കണ്ടില്ല അമ്മേ!'

ഇതും പറഞ്ഞ് അവൻ കരച്ചിൽ തുടർന്നു.

ഇങ്ങനെ ശിശുസഹജമായ ഒരു വിശുദ്ധ സ്വപ്നം നമുക്കെന്നാണുണ്ടാവുക. "എനിക്ക് ദൈവത്തെ കാണാനാവുന്നില്ലല്ലോ എന്നതിനേക്കാളും ദൈവത്തിന് കാണാനാവുന്ന ഒരു ജീവിതം എനിക്കുണ്ടാവുന്നില്ലല്ലോ എന്ന് എപ്പോഴാണ് നാം അനുതപിക്കുക."

അത്തിമരത്തിലേയ്ക്ക് ഒന്ന് കയറിയിരിക്കാതെ എങ്ങനെയാണ് യേശു സഖായിയെ കാണുക. യേശു എങ്ങനെയുള്ളവനെന്ന് കാണാനാശിച്ചിട്ടാണ് പൊക്കം കുറഞ്ഞവനായ സഖായി മുമ്പോട്ടോടിയതും കാട്ടത്തിമേൽ കയറിയതും. ദൈവത്തെ കാണാനാവുന്നതിൽ നിന്നും പുരുഷാരമാണ് അവന് തടസ്സമാവുക (ലൂക്കോസ്. 19:1-10). പലപ്പോഴും ബഹുജനതാല്പര്യങ്ങൾ ദർശനമുള്ളതാവണമെന്നില്ല. ബഹുഭൂരിപക്ഷത്തിന്റെ ശീലങ്ങൾക്കും ഊഹങ്ങൾക്കും അപ്പുറമായി തനതായ ഒരു ജീവിതക്രമം രൂപപ്പെടുത്തണമെന്നും ഇത് ഓർമ്മിപ്പിക്കുന്നുണ്ട്. To be a Christian means that one is not crowd controlled but Christ controlled. ദൈവം കാണുമ്പോൾ മനുഷ്യന്റെ അഹന്തകളൊഴിയുന്നു. കൂട്ടിവച്ചതെല്ലാം പുറത്തുകളയാൻ ഒരുമ്പെടുന്നു. തനിക്കുള്ളതെല്ലാം വിറ്റുകളയാമെന്നാണ് സഖായി പറയുക. സഖായിയുടെ തലയിലെ ചിന്തകൾ മാറുമ്പോൾ ക്രിസ്തു അവന്റെ ഭവനത്തിൽ കാൽവയ്ക്കുന്നു. അവൻ ക്രിസ്തുവിലാവുകയും പുതിയ സൃഷ്ടിയാവുകയും ചെയ്യുന്നു. ക്രിസ്തുവിൽ യഥാസ്ഥാനപ്പെടുക വേഗം. നമ്മുടെ ജീവിതത്തിനും ഒരു അർത്ഥം കണ്ടെത്താനാവും. നിശ്ചയം!

കൂപമണ്ഡൂകം അത് സമ്മതിച്ചില്ല. ഈ കിണറിനേക്കാൾ വലിയ ഒന്നോ? കടലോ? കിണറ്റിന്റെ അങ്ങേയറ്റത്തു നിന്നും ഇങ്ങേയറ്റത്തേയ്ക്ക് ഒരു ചാട്ടം. എന്നിട്ട് വിരിഞ്ഞു നിന്ന് ഒരു ചോദ്യം

ഇത്രയും വരുമോ കടൽ?

എത്രയാവർത്തി ഈ കഥ കേട്ടിട്ടുണ്ടാവും. അതിലേറെ തവണ ഇത്തരം ചോദ്യങ്ങൾ നാം ചോദിച്ചിട്ടുമുണ്ട്. ഇനിയെങ്കിലും അനുചിതമാകാതിരിക്കട്ടെ നമ്മുടെ നിലപാടുകൾ! വിശുദ്ധാത്മാവിനെ സ്ഥിരപ്പെടുത്താനാവണം നമ്മുടെ പ്രാർത്ഥന.

**പൂരകം:** "കർത്താവിനെ ഭയപ്പെടുന്നവർക്ക് അവന്റെ കരുണ തലമുറതലമുറയോളം ഇരിക്കുന്നു. അതിന്റെ ഭുജംകൊണ്ട് അവൻ ബലം പ്രവർത്തിച്ച്, ഹൃദയവിചാരത്തിൽ അഹങ്കരിക്കുന്നവരെ ചിതറിച്ചിരിക്കുന്നു. പ്രഭുക്കന്മാരെ സിംഹാസനങ്ങളിൽ നിന്ന് ഇറക്കി താണവരെ ഉയർത്തിയിരിക്കുന്നു. വിശന്നിരിക്കുന്നവരെ നന്മകളാൽ നിറച്ച്, സമ്പന്നന്മാരെ വെറുതെ അയച്ചുകളഞ്ഞിരിക്കുന്നു" (ലൂക്കോസ്. 1:50-53).

കവിത

## യുദ്ധാവസാനം

റിയ കെ. ജോൺ

വേണ്ടാ യുദ്ധം, നമുക്കാവനത്തിൽ
നീണ്ടരാവുകൾക്കർത്ഥമുണ്ടാക്കാം.
ആമ്പലും പൊൻകടമ്പും കരിമ്പും
കൂമ്പുചായുന്ന കൈതപ്പടർപ്പും
കണ്ടുകണ്ടവതൊട്ടും മണത്തും
ജന്മഗന്ധങ്ങളാൽ സംവാദിക്കാം
ഞാൻ പറഞ്ഞതശേഷവും കേൾക്കാ-
താൺ പുലങ്ങളിൽ മുള്ളുകൾ പൂത്തു.
രാജരാജൻ കടൽമീണ്ട ചോഴൻ
ചോരയാലേ ചരിത്രം വരച്ചൂ
ആനകൾ മറിച്ചിട്ട കൽതൂണാ-
ലാദി കേശവശില്പം തകർന്നു.
മണ്ണുടുപ്പിലെത്തിക്കെട്ടു, ഗ്രാമ-
പ്പെണ്ണിടുപ്പിൽ കടൽപ്പന്നിതൊട്ടു.
ചീഞ്ഞളിഞ്ഞ കുതിരപ്പിണം ചിക-
ഞ്ഞാഴിമീതേ കഴുകൻ ചിലച്ചൂ
ഗോപുരങ്ങൾ കഴുത്തറ്റു, വെള്ള-
പ്രാവുതേടി കടൽപ്പാമ്പിഴഞ്ഞു.
കോട്ടയിൽ നിന്ന് താഴേയ്ക്കു ചാടി-
ക്കോർത്തുടക്കിഞാൻ വസ്ത്രശൂലത്തിൽ.
പിന്നെയെത്ര കറുത്ത ജന്മങ്ങൾ,
അന്നപൂർണ്ണി ശപിച്ച കോലങ്ങൾ
ഗന്ധ ബന്ധിതമാം വികാരങ്ങൾ
നൊന്തുപെറ്റ കറുത്ത കാമങ്ങൾ!
എന്നിലേയ്ക്ക് പടർന്നേറി മോഹം
പണ്ടുനട്ട കനൽച്ചെടി നക്കി
പിന്നിലൂടെ വന്നഭിചാരങ്ങൾ
മന്ത്രമൂർത്തിക്ക് മദ്യം പകർന്നു.
അന്തരംഗ വിലാസ കല്യാണിയെ
പൊന്നുതൂക്കുന്നിടം കൊണ്ടിരുത്തി.....
അന്ധകാര നിശാചര ഗർവ്വം
ഇന്ദ്രിയങ്ങളിൽ പ്രേമം തളിച്ചു.
വണ്ടുവന്നു തുളച്ച മുളങ്കുഴൽ
തുണ്ടുതുണ്ടായ് പകുത്തു ഞാൻ വിറ്റു
ഞണ്ടു പാർത്ത കരിനിലം, നീല-
കണ്ടൽപ്പൂക്കൾ ചൂടിത്തൊഴുത്തു.
പിന്നിൽ നിന്നുമനാഥ ശില്പങ്ങൾ
എന്നെ നീട്ടിവിളിച്ചതെന്താവാം
എന്റെ സൂര്യൻ മരിക്കുവോളം ഞാൻ
കണ്ടുനിന്നു കറുത്ത സായാഹ്നം

# പ്രതിവാരധ്യാനം

**ഫാ. ജെറി ജോൺ മാത്യു**

**20 ജൂൺ 2010**

**പെന്തിക്കോസ്തിക്കുശേഷം 4 – ാം ഞായർ**

ലൂക്കോസ് 10:1–16

ഗലീലീ നാട്ടിലുള്ള തന്റെ പ്രവർത്തനങ്ങൾക്കു ശേഷം യേശുവിന്റെ യെരുശലേമിലേയ്ക്കുള്ള പ്രയാണത്തോട് (9:51–19:27) അനുബന്ധമായി നടക്കുന്ന ഒരു സംഭവമാണ് ഇന്നത്തെ വേദഭാഗത്തിനാധാരം. ക്രിസ്തു–ശിഷ്യന്മാർക്കുണ്ടായിരിക്കേണ്ട അടിസ്ഥാന ഗുണവിശേഷങ്ങളിലേക്കാണ് ഈ വേദഭാഗം വിരൽ ചൂണ്ടുന്നത്.

റോമൻ സാമ്രാജ്യത്തിൽ, പ്രത്യേകിച്ച് പാലസ്തീൻ നാടുകളിൽ നിലനിന്നിരുന്ന സാമൂഹിക–സാംസ്കാരിക ക്രമം നാം മനസ്സിലാക്കേണ്ടതുണ്ട്. മൂന്നു തട്ടുകളിലായി, Patron (രക്ഷാധികാരി)–Agent (മദ്ധ്യസ്ഥൻ)–Client (വേലക്കാരൻ) എന്ന് ജനങ്ങളെ വിഭജിച്ച് വച്ചിരുന്നു. അധികാരമുള്ളവൻ 'രക്ഷാധികാരി' വയലുകളിലും കൃഷിസ്ഥലങ്ങളിലും മറ്റും പണിചെയ്തിരുന്നവരാണ് 'വേലക്കാർ' ഈ വിഭാഗക്കാർ നിരന്തരം അധികാരവർഗ്ഗത്തിന്റെ കഠോരമായ പീഡനങ്ങൾക്ക് വിധേയപ്പെടേണ്ടിവന്നവരാണ്. അധികാര വർഗ്ഗത്തിന്റെ 'ദാനങ്ങൾ', നല്ലതാകിലും തീയതാകിലും അത് വേലക്കാർക്ക് എത്തിച്ചു കൊടുത്തിരുന്നത് 'മദ്ധ്യസ്ഥർ' എന്ന വിഭാഗമാണ്. ഈ സാമൂഹിക സാം സ്കാരിക ചുറ്റുവട്ടത്തിൽ താനും, ദൈവവും, ശിഷ്യരും, ലോകവും തമ്മിലുള്ള ബന്ധത്തെ വ്യാഖ്യാനിക്കുവാൻ ക്രിസ്തു ഇവിടെ ശ്രമിക്കുകയാണ്. ഈ സാമൂഹിക വിഭജനത്തിന്റെ അടിസ്ഥാനത്തിൽ ക്രിസ്തു തന്റെ ദൈവശാസ്ത്രം പല സ്ഥലങ്ങളിലും പ്രഖ്യാപിക്കുന്നുണ്ട്. ഈ വേദഭാഗത്ത് ന്യായപ്രമാണ തത്വങ്ങളിൽ അടിസ്ഥാനപ്പെടുത്തി 'രക്ഷാധികാരി' എന്ന നിലയിൽ ദൈവത്തെ അംഗീകരിക്കുകയാണ് ക്രിസ്തു. രക്ഷാധികാരിയായിരിക്കുവാൻ സർവ്വ സൃഷ്ടികളുടെയും സ്രഷ്ടാവായ ദൈവത്തിനേ സാധിക്കൂ എന്നതും ഇതിന് ഒരു കാരണമാണ്. ലൗകീകാധികാരങ്ങൾ പ്രകാരം റോമൻ ചക്രവർത്തിയെയോ, മറ്റ് അധികാരങ്ങളെയോ ക്രിസ്തു അംഗീകരിക്കുന്നില്ല എന്നത് ശ്രദ്ധേയമാണ്. തന്റെ മനുഷ്യാവതാര പ്രക്രിയയുടെ പരമമായ ലക്ഷ്യം തന്നെയാണ് തിരഞ്ഞെടുക്കപ്പെട്ട എഴുപതുപേരോടും തങ്ങളുടെ ലക്ഷ്യമായി സ്വീകരിക്കുവാൻ ക്രിസ്തു ആവശ്യപ്പെടുന്നത് എന്നതിനാൽ ദൈവത്തിനും സൃഷ്ടിക്കുമിടയിൽ താൻ സ്വയം നിർവ്വഹിക്കുന്ന മദ്ധ്യസ്ഥാവകാശത്തിലേക്ക് ഒരു വഴി തുറക്കുകയാണ് ക്രിസ്തു ഇവിടെ ചെയ്യുന്നത്. പുത്രത്വത്തിന്റെ തലത്തിലേയ്ക്കുള്ള ഒരു ലക്ഷണമാണ് ഈ ശിഷ്യത്വം (ഗലാ. 4:4–7). ഇവിടെ ദൈവം പരമാധികാരിയായുള്ള ദൈവരാജ്യ സംഘടനയിൽ സൃഷ്ടിയോടുള്ള പ്രതിബദ്ധത മുൻനിറുത്തി തനിക്കൊപ്പം തന്റെ കൂടെ, ദൈവീക മൂല്യങ്ങളുടെ വക്താക്കളാകുവാനാണ് ക്രിസ്തു നമ്മെ വിളിക്കുന്നത്. പുത്രത്വത്തിന് തുല്യമായ പദവിയിലേയ്ക്കാണ് ഈ വിളി.

സമൂഹത്തിന്റെ മുമ്പിൽ നമ്മിൽ പലരും ദാതാവ് (donor) എന്ന ഭാവം സ്വീകരിക്കുവാൻ താല്പര്യപ്പെടുന്നു. എന്നാൽ ഇവിടെ ദാതാവ് എന്ന ഭാവം വെടിഞ്ഞ് ക്രിസ്തുവിനോടൊപ്പം ശുശ്രൂഷകൻ അല്ലെങ്കിൽ വേലക്കാരൻ എന്ന ഭാവം സ്വീകരിക്കുകയാണ് നാം ചെയ്യേണ്ടത്. ഇപ്രകാരമുള്ള ദൈവരാജ്യ സമ്പൂർത്തീകരണത്തിന് സ്വജീവിതാനുഭവങ്ങൾ കൊണ്ട് വക്താക്കളാകുക എന്നതാണ് ശിഷ്യത്വം കൊണ്ട് ഇവിടെ അർത്ഥമാക്കുന്നത്.

**27 ജൂൺ 2010**

**പെന്തിക്കോസ്തിക്കുശേഷം 5 – ാം ഞായർ**

ലൂക്കോസ് 9:10–17

നാലു സുവിശേഷങ്ങളിലും രേഖപ്പെടുത്തിയിരിക്കുന്ന ഒരത്ഭുതമാണ് ഈ വേദഭാഗത്ത് കാണുന്നത് (മത്തായി 14:13–21, മർക്കോസ് 6:30–44; ലൂക്കോസ് 9:10–17; യോഹന്നാൻ 6:1–14). എങ്കിൽത്തന്നെയും നാലു സുവിശേഷങ്ങളിലെ വിവരണങ്ങൾ ചില കാര്യങ്ങളിൽ വ്യത്യസ്തമാണെന്ന് മനസ്സിലാക്കാം.

പ്രധാനപ്പെട്ട 2 വ്യത്യാസങ്ങൾ. ഒന്ന് ശ്രദ്ധിക്കാം:

(1) സ്ഥല വിവരണം : വി. മത്തായിയുടെ സുവിശേഷത്തിൽ ജനം കൂടിവന്നത് നിർജ്ജനപ്രദേശമെന്നും, വി. മർക്കോസിന്റെ സുവിശേഷത്തിൽ ഏകാന്ത സ്ഥലമെന്നും വിവരിച്ചിരിക്കുന്നത്! ബേത്സെയ്ദയാണെന്ന് വി. ലൂക്കോസ് സാക്ഷ്യപ്പെടുത്തുമ്പോൾ, വി. യോഹന്നാൻ ഈ പ്രദേശം തിബര്യാസ് കടലിന്നക്കരെ എന്നും രേഖപ്പെടുത്തിയിരിക്കുന്നു. (2) സമവീക്ഷണ സുവിശേഷങ്ങളിൽ അഞ്ചപ്പം എന്ന് സാക്ഷ്യപ്പെടുത്തുമ്പോൾ വി. യോഹന്നാന്റെ സുവിശേഷം അഞ്ച് യവത്തപ്പം എന്ന് രേഖപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധിക്കുക.

ഇപ്രകാരമുള്ള അനേകം വ്യത്യാസങ്ങൾ ഈ അത്ഭുതത്തെപ്പറ്റി നാലു സുവിശേഷങ്ങളിലും കാണാമെങ്കിലും, എല്ലാ വ്യത്യാസങ്ങളും ഒന്നിനോടൊന്ന് കൂടുതൽ വ്യക്തമായി പഠിക്കുവാൻ നമ്മെ സഹായിക്കുന്നു.

ക്രിസ്തുവിന് മുമ്പ് സെഫോരിസ് എന്ന പട്ടണത്തിനു മുകളിലായി അന്തിപ്പാസ് ഹെരോദേസ് പണികഴിപ്പിച്ച പുതിയ പട്ടണമാണ് തിബെര്യാസ്. സെഫോരിസ്, യഹൂദരല്ലാത്ത പരദേശികളെ ശവമടക്കിയിരുന്ന പട്ടണമായിരുന്നു. ശവകുടീരങ്ങളുടെ പട്ടണമായിരുന്ന സെഫോരിസ് യെഹൂദന്മാർക്ക് 'അശുദ്ധ' പട്ടണമായിരുന്നു. ശവത്തിൽ തൊടുന്നവൻ അശുദ്ധനായിരിക്കണം എന്ന യഹൂദമതപ്രമാണത്തിന്റെ അടിസ്ഥാനത്തിൽ ഈ പട്ടണത്തിൽ പാർക്കുന്നവരും അതിൽ

കടക്കുന്നവരും ''അശുദ്ധന്മാർ'' ആയിരുന്നു. ഈ ''അശുദ്ധന്മാർക്ക്'' ഒരു ജോലിയും ആരും കൊടുത്തിരുന്നില്ല എന്നതിനാലും ഇത് കൃഷിക്കനുയോജ്യമായ സ്ഥലമല്ലാതിരുന്നതിനാലും ഈ നാട്ടുകാർ പട്ടിണിപ്പാവങ്ങളായിരുന്നു. ഈ പട്ടിണിപ്പാവങ്ങളായ ''അശുദ്ധന്മാർക്ക്'' മദ്ധ്യേയാണ് യേശു അത്ഭുതം പ്രവർത്തിക്കുന്നത്. പട്ടിണിയിലിരിക്കുന്നവരുടെ അടിസ്ഥാനപ്രശ്നമായ വിശപ്പകറ്റാനും, സമൃദ്ധിയുണ്ടാക്കുവാനും യേശുവിന് സാധിച്ചു എന്നതാണ് ഇവിടുത്തെ അത്ഭുതം. ജനങ്ങളുടെ അടിസ്ഥാന പ്രശ്നങ്ങളിൽ അവർക്കൊപ്പം ആയിരിക്കുകയും, ദൈവീക സമൃദ്ധി ഉണ്ടാക്കുകയും ചെയ്യുക എന്നത് സുവിശേഷ ഘോഷണത്തിന്റെ പ്രാഥമിക ഭാഗമാക്കുകയാണ് ക്രിസ്തു ഇവിടെ ചെയ്യുന്നത്. ഈ സമൃദ്ധിയുടെ അനുഭവമാണ് അദ്ധ്യാത്മീകതയുടെ യഥാർത്ഥ അർത്ഥം എന്ന് യേശു പഠിപ്പിക്കുന്നു. വിശക്കുന്നവർക്ക് ഭക്ഷണം കൊടുക്കുന്നതും, രോഗികൾക്ക് വൈദ്യനായിരിക്കുന്നതും, ജനങ്ങളുടെ നീതിപൂർവ്വകമായ അടിസ്ഥാന ആവശ്യങ്ങളിൽ കൂടെയിരിക്കുന്നതുമായ സുവിശേഷ ഘോഷണമാണ് അർത്ഥവത്തായത്. പട്ടിണിക്കാർക്ക് സമൃദ്ധി കൊടുക്കുകയും ''അശുദ്ധർക്ക്'' മദ്ധ്യേ ദൈവത്വം കുടിയിരുത്തുകയും ചെയ്തു എന്നതാണ് യേശു ഇവിടെ ചെയ്ത അത്ഭുതം.

യവത്തപ്പമാണ് അതിനുപയോഗിച്ചതെന്ന് സൂചിപ്പിച്ചല്ലോ! അക്കാലത്ത് ഗോതമ്പിന് ബാർലിയേക്കാൾ വില കൂടുതലായിരുന്നു എന്നതിനാലും, ബാർലി സുലഭമായിരുന്നതിനാലും പാവപ്പെട്ടവർ മാത്രമേ ഇത് ഉപയോഗിച്ചിരുന്നുള്ളൂ. യവത്തപ്പം പട്ടിണിപ്പാവങ്ങളുടെ ആഹാരസാധനമായിരുന്നു. ഇല്ലായ്മയുടെ അടയാളമായിരുന്ന യവത്തപ്പം യേശു വാഴ്ത്തി സമൃദ്ധിയുടെ അടയാളമായിരുന്ന ഗോതമ്പപ്പമാക്കി മാറ്റുന്നില്ല. മറിച്ച്, യവത്തപ്പം അടയാളമായ സാധാരണക്കാരുടെ ഇല്ലായ്മയിൽ ദൈവീക ഇടപെടലിലൂടെ സമൃദ്ധിയേകുകയാണ് ചെയ്യുന്നത്. ഇല്ലായ്മയിലുള്ള ദൈവീക ഇടപെടൽ സമൃദ്ധമായ അനുഭവമാക്കിമാറ്റുവാൻ ജനങ്ങൾക്ക് സാധിച്ചു. നമ്മുടെ പരിമിതികളിൽ നടക്കുന്ന ദൈവീക ഇടപെടൽ സമൃദ്ധിയുടെ അനുഭവങ്ങളാക്കുവാൻ നമുക്ക് സാധിക്കട്ടെ.

**4 ജൂലൈ 2010**

**പെന്തിക്കൊസ്തിക്കുശേഷം 6-ാം ഞായർ**

(മിഷൻ സൺഡേ)

മത്തായി. 15:32-39

അഞ്ചപ്പം കൊണ്ട് അയ്യായിരം പേരെ സംതൃപ്തരാക്കിയതുപോലെ അനേകം പ്രാവശ്യം യേശു ഇത്തരത്തിലുള്ള അത്ഭുതങ്ങൾ ചെയ്തിരുന്നു. അതിനുദാഹരണമാണ് ഇന്നത്തെ വേദഭാഗം. ഇപ്രകാരമുള്ള അപ്പം വർദ്ധിപ്പിക്കലിന്റെ അടയാളങ്ങളെല്ലാം സാധാരണ ജനങ്ങളുടെയിടയിലാണ് യേശു പ്രവർത്തിച്ചത് എന്നത് ശ്രദ്ധേയമാണ്. ഏഴപ്പം കൊണ്ട് നാലായിരത്തിലധികം വരുന്ന പുരുഷാരത്തെ പോഷിപ്പിക്കുന്ന ഈ സംഭവം തന്നെ വി. മർക്കോസ് 8:1-10 ലും രേഖപ്പെടുത്തിയിരിക്കുന്നു.

മത്തായിയുടെ സുവിശേഷത്തിൽ ജനങ്ങൾ കൂടിവന്നിരുന്നത് കാട്ടിലാണെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ വി. മർക്കോസിന്റെ സുവിശേഷത്തിൽ ഇത് മരുഭൂമിയിലാണ്. യേശു ഈ അത്ഭുതം പ്രവർത്തിക്കുന്നത് ഗലീലിയുടെ വടക്കൻ പ്രദേശങ്ങളിലാണ്. ഇത് ആൾത്താമസമില്ലാത്ത പ്രദേശമായിരുന്നു. മത്തായി 15:33-ൽ കാട് എന്ന് തർജ്ജമ ചെയ്തിരിക്കുന്ന വാക്ക് ഗ്രീക്ക് മൂലഭാഷയിൽ വിജനപ്രദേശം എന്നതിനുപയോഗിക്കുന്ന വാക്കായതിനാൽ ''കാട്'' എന്ന് വി. മത്തായിയും ''മരുഭൂമി'' എന്ന് വി. മർക്കോസും സാക്ഷ്യപ്പെടുത്തുന്നത് ഒരേ ഭൂപ്രദേശമാണെന്ന് കരുതാം.

സാധാരണ ജനങ്ങളുടെ ആവശ്യങ്ങൾ അവർ പറയുംമുമ്പ് തിരിച്ചറിയുന്ന ക്രസ്തുവിന്റെ സ്നേഹവും കരുതലും ശ്രദ്ധേയമാണ്. മൂന്നുദിവസം തന്നോടുകൂടെ വസിച്ചവർ പട്ടിണിപ്പാവങ്ങളാണ് എന്നും, അവർക്ക് ഭക്ഷിപ്പാൻ ഒന്നുമില്ല എന്നും യേശു മനസ്സിലാക്കുന്നു. തന്റെ കൂടെയുള്ളവരെ കരുതുവാനുള്ള ദൈവസ്നേഹം യേശു പ്രകടമാക്കുന്നത് അവരുടെ പരിമിതമായ സാധ്യതകളിൽ ഇടപെട്ടുകൊണ്ടാണ്. നാലായിരത്തിലധികം വരുന്ന പുരുഷാരത്തിന് വെറും ഏഴപ്പവും കുറച്ച് മീനും മാത്രമാണ് സാധ്യതകളായി ഉണ്ടായിരുന്നത്. ഈ പരിമിതമായ സാധ്യതകളിൽ ദൈവസ്നേഹം മുൻനിറുത്തി ക്രിസ്തു നടത്തുന്ന ഇടപെടലാണ് ഈ അത്ഭുതത്തിന്നാധാരം.

ഇന്ന് മിഷൻ സൺഡേ ആണല്ലോ? ഈ വേദഭാഗത്തിൽ ക്രിസ്തുവിന്റെ പ്രവർത്തന രീതികളും ഉദ്ദേശങ്ങളും ഒന്ന് പരിശോധിച്ച് അത് ഇന്നിന്റെ മിഷനുമായി ഒന്ന് താരതമ്യം ചെയ്യുന്നത് നല്ലതാണ്. ക്രിസ്തുവിന്റെ 'മിഷൻ' സാധാരണ ജനങ്ങളെ കേന്ദ്രീകരിച്ചായിരുന്നു. അവരുടെ ഭൗതീകാവശ്യങ്ങളെ മറക്കുവാനോ ചൂഷണം ചെയ്യുവാനോ യേശു ശ്രമിച്ചതുമില്ല. സാധാരണ ജനങ്ങളുടെ ആത്മീയവും ഭൗതീകവുമായ ആവശ്യങ്ങൾ തനതായ പ്രാധാന്യത്തോടെ ക്രിസ്തു ശ്രദ്ധിച്ചിരുന്നു. അവരുടെ ഭൗതീകാവശ്യങ്ങളെ ഒരിക്കലും ആത്മീയമായി ചൂഷണം ചെയ്തില്ല എന്നതാണ് ക്രിസ്തു

**പ്രീ-മാരിറ്റിൽ കൗൺസലിംഗ്**

എല്ലാമാസവും രണ്ടാംശനിയാഴ്ച ആരംഭിച്ച് ഞായറാഴ്ച തീരുംവിധം പ്രീ-മാരിറ്റൽ കൗൺസലിംഗ് സമന്വയയിൽ ക്രമീകരിക്കുന്നു. പങ്കെടുക്കാൻ താല്പര്യമുള്ളവർ താഴെ കാണുന്ന നമ്പറുകളിൽ വിളിക്കുക.

ഓഫീസ്: 0485-2273401
പ്രോഗ്രാം കോ-ഓർഡിനേറ്റർ (ജിജി): 9746844120,
ഓഫീസ് സ്റ്റാഫ് (സണ്ണി): 9446844800,
ഫാ. ഏലിയാസ് കുറ്റിപറിച്ചൽ: 9446972560

വിന്റെ 'മിഷൻ' പ്രവർത്തനങ്ങളുടെ പ്രത്യേകത. ജനങ്ങളെ അറിയുവാനും, അവരുടെ ആവശ്യങ്ങൾ മനസ്സിലാക്കുവാനും, അവരുടെ പ്രശ്നങ്ങളിൽ പങ്കുപറ്റുവാനും, അവർക്ക് പരിഹാരകനായിരിപ്പാനും ക്രിസ്തു പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

ഇന്നത്തെ നമ്മുടെ മിഷൻ പ്രവർത്തനങ്ങളുടെ പരമമായ ലക്ഷ്യം എന്താണ്? സമൂഹത്തിൽ തള്ളപ്പെട്ട പട്ടിണി വർഗ്ഗത്തോട് നീതി പുലർത്തുവാൻ നമുക്ക് സാധിച്ചിട്ടുണ്ടോ? ഏതെങ്കിലും സാഹചര്യത്തിൽ നാം തുടക്കമിട്ടിരിക്കുന്ന "ജീവകാരുണ്യ പ്രവർത്തനങ്ങളെ" കച്ചവടമൂല്യമുള്ള സാധ്യതകളാക്കാൻ നാം ശ്രമിച്ചിട്ടില്ലേ? സാധാരണക്കാർക്ക് നാം എന്തെങ്കിലും ചെയ്തിട്ടുണ്ടെങ്കിൽ അതിൽ നിന്ന് ആത്മീയമോ, ഭൗതീകമോ ആയ ചൂഷണമാർഗ്ഗം നാം സ്വീകരിച്ചിട്ടില്ലേ? പ്രതിഫലേച്ഛ കൂടാതെ നാം എന്തെങ്കിലും ദാനം ചെയ്യാൻ നമുക്ക് സാധിക്കാറുണ്ടോ? ആരും അറിഞ്ഞില്ലേലും നാം ദാനം ചെയ്യുന്നത് ദൈവം അറിയുന്നു, ദൈവം നമ്മെ അനുഗ്രഹിക്കും എന്ന് ചിന്തിക്കുന്നതുപോലും പ്രതിഫലേച്ഛയോടെയുള്ള ദാനമല്ലെ? ഈ സമയം ക്രിസ്തുവിന്റെ മാർഗ്ഗം നമ്മെ നയിക്കട്ടെ.

**11 ജൂലൈ 2010**

**പെന്തിക്കൊസ്തിക്കുശേഷം 7 – ാം ഞായർ**

മർക്കോസ്. 3:20–30

യേശുവിന്റെ ജീവകാരുണ്യ പ്രവർത്തനങ്ങൾ സാധാരണ ജനജീവിതത്തിൽ സ്വാധീനം ചെലുത്തിയപ്പോൾ അനേകായിരങ്ങൾ അവന്റെ വാക്ക് കേൾക്കുവാനും അവനിൽ നിന്ന് പഠിക്കുവാനും നിരന്തരം അവന്റെ കൂടെ ഉണ്ടായിരുന്നു. റോമൻ സാമ്രാജ്യ മൂല്യങ്ങൾ ഒരുവശത്തും, കപട ആത്മീയതയുടെ ചൂഷണ രാഷ്ട്രീയം മറുവശത്തും ജീവിതത്തിന്റെ യഥാർത്ഥ ലക്ഷ്യങ്ങളെ താറുമാറാക്കിയ സാമൂഹികവും രാഷ്ട്രീയവുമായ സാഹചര്യങ്ങളിൽ, ദൈവരാജ്യത്തിന്റെ പുത്തൻ പ്രതീക്ഷകൾ സമ്മാനിച്ച യേശുവിന്റെ മൂല്യാധിഷ്ഠിത പ്രവർത്തനങ്ങളിൽ ജനശ്രദ്ധ കൂടിക്കൊണ്ടിരുന്ന ഒരു കാലഘട്ടമാണ് ഈ വേദഭാഗത്തിന്റെ പിന്നാമ്പുറം. നന്മ എപ്പോഴും തിന്മയിൽ നിന്ന് ദൂരം പാലിക്കുന്നു എന്നും ദൈവത്തിന് ഒരുനാളും പാപികളോട് സംസർഗ്ഗം പുലർത്തുവാൻ സാധ്യമല്ല എന്നും, ആയതിനാൽ പാപികളോടും, പ്രത്യേകിച്ച് യഹൂദരല്ലാത്തവരോടും സംസർഗ്ഗം പുലർത്തുന്ന യേശു ദൈവീകനല്ല എന്നും ചിലരെങ്കിലും വിശ്വസിച്ചിരുന്നു. യേശുവിന്റെ പിന്നിൽ പ്രവർത്തിക്കുന്ന അമാനുഷിക ശക്തിക്ക് അവർ "ബെയെത്സബൂൽ" എന്ന് പേർ വിളിച്ചു. ഈ വാക്ക് രണ്ട് കനാന്യ വാക്കുകളുടെ സംയോജനത്തിൽ നിന്നും ഉണ്ടായതാണ്. "ബാൽ" എന്നത് കനാന്യ വായുദേവന്റെ പേരാണ്. "സെബൂൽ" എന്ന കനാന്യ വാക്കിന് "ഭവനം" എന്നാണർത്ഥം. കനാന്യ വായുദേവന്റെ ഭവനത്തിൽ നിന്ന് യേശു ശക്തി ഉൾക്കൊള്ളുന്നുവെന്നും, ആയതിനാൽ യേശുവിന് സാമൂഹിക ഭ്രഷ്ട് കല്പിക്കണം എന്നും യഹൂദന്മാരുടെ രഹസ്യലക്ഷ്യമായിരുന്നു. ഇത് മനസ്സിൽ വച്ചുകൊണ്ടാണ് 25–ാം വാക്യത്തിൽ യേശു മറുപടി പറയുന്നത്. 'വീട് അതിൽത്തന്നെ ഛിദ്രിക്കുന്നു എങ്കിൽ ആ വീടിന് നിലനിൽക്കുവാൻ കഴിയുകയില്ല' എന്ന്.

സാത്താന് സാത്താനെ എങ്ങനെ പുറത്താക്കുവാൻ കഴിയും എന്ന് യേശു ചോദിക്കുന്നത് ശ്രദ്ധിക്കുക. യഹൂദവിശ്വാസ പ്രകാരം സകലത്തിനും മേൽ അധികാരമുള്ളത് യഹോവയ്ക്കു മാത്രമാണ്. ഇയ്യോബിന്റെ പുസ്തകത്തിലും ഈനോക്കിന്റെ 1–ാം പുസ്തകത്തിലും സാത്താനുമേൽ പോലും അധികാരമുള്ളവനായാണ് യഹോവയെ ചിത്രീകരിക്കുന്നത്. സാത്താനുമേൽ സാത്താനാണധികാരം എന്ന യഹൂദന്മാരുടെ വിശ്വാസത്തെ ക്രിസ്തു ദൈവത്തിനു നേരെയുള്ള ദൂഷണമായാണ് കാണുന്നത്. ഇങ്ങനെ ദൂഷണം പറയുന്നവൻ മരണശിക്ഷയ്ക്ക് യോഗ്യനാണെന്ന് ന്യായപ്രമാണം പറയുന്നുണ്ട് (ലേവ്യ. 24:16). മനഃപൂർവ്വമായ ഈ തെറ്റായ വാദം കൊണ്ട് അവർ ദൈവാത്മാവിനെതിരെയാണ് പ്രവർത്തിക്കുന്നത് എന്ന് യേശു വീക്ഷിക്കുന്നു. താൻ ദൈവപുത്രനാണ് എന്ന് ഇവിടെ കൂടി നിന്നവർക്ക് അറിയാമായിരുന്നു. എന്നാൽ ഈ സത്യത്തെ പരസ്യമായി അംഗീകരിക്കുവാൻ തയ്യാറാകാത്തവർ യേശുവിലൂടെ ദൈവം വാഗ്ദാനം ചെയ്യുന്ന നിത്യമായ രക്ഷണ്യ പ്രവർത്തനങ്ങളെയും, ദൈവരാജ്യ സമ്പൂർത്തീകരണത്തേയുമാണ് നിഷേധിക്കുന്നതെന്ന് യേശു ഇവിടെ അർത്ഥമാക്കുന്നു.

അറിയുന്ന സത്യത്തെ, മനപ്പൂർവ്വം താല്ക്കാലിക ലാഭത്തിനും നിലനിൽപ്പിനും വേണ്ടി മറച്ചുവയ്ക്കുന്ന പ്രവണതയാണ് പരിശുദ്ധാത്മാവിനെതിരെയുള്ള പാപമെന്ന് യേശു ഉദ്ദേശിക്കുന്നത്. സമൂഹത്തെ ഭയന്ന് അല്ലെങ്കിൽ താല്ക്കാലിക ഉന്നമനത്തിനായി സത്യത്തെ, പ്രത്യേകിച്ച് അറിയുന്ന സത്യത്തെ, കണ്ടില്ലെന്ന് നടിക്കുന്നവർ ഇന്ന് നമുക്ക് ചുറ്റും അനേകമുണ്ട്. എന്നാൽ ഏത് പ്രതികൂലതകൾക്ക് നടുവിലും അറിയുന്ന സത്യത്തിന് ഊന്നൽ നൽകി ജീവിക്കുവാൻ നമുക്കാവണം.

## Have a Vision

Anna

Eyes are good but sight is bad
Nothing to worry
Be happy and glad.
Eyes are good but vision is bad
Something to worry
You must feel sad.
Sight is bad vision is clear
Success is guaranteed
Nothing to fear.
Eyes are open but the mind is shut
Such pretenders are
Near to death.....

ലേഖനം

# വ്യക്തി ജീവിതത്തിലെ സമാധാനം: ചില സമീപനങ്ങൾ

ഫാ. എബ്രാഹാം കാരാമ്മേൽ

**ആമുഖം**

ക്രിസ്തീയ ചിന്തയിൽ 'സമാധാനം' എന്ന വാക്കിന് ചരിത്രവേദശാസ്ത്രപരമായി വ്യത്യസ്തങ്ങളായ അർത്ഥമാണുള്ളത്. ഓരോ സാഹചര്യങ്ങളിലും സമാധാനം എന്നതിന്റെ പ്രയോഗതലം വിപുലവും വ്യത്യസ്തവുമാണ്. ക്രിസ്തീയ ചിന്തയിലും അങ്ങനെതന്നെയാണ്. കഴിഞ്ഞ നൂറ്റാണ്ടിൽ ആരംഭിച്ച സമാധാന പ്രസ്ഥാനങ്ങളുടെ തുടർച്ച എന്ന നിലയിൽ സഭകളുടെ പൊതുവേദികളായ എക്യുമെനിക്കൽ പ്രസ്ഥാനങ്ങളിൽ സമാധാനം എന്നതിന്റെ വിവിധ അന്വേഷണങ്ങൾ ഗൗരവമായി നടന്നിട്ടുണ്ട്. "Justice, Peace, and Integrity of Creation" എന്ന എക്കാലത്തെയും പ്രസിദ്ധവും പ്രവർത്തനനിരതവുമായ W.C.C. യുടെ പഠനശാഖ ഈ നിലയിൽ സവിശേഷ ശ്രദ്ധ അർഹിക്കുന്നു. വ്യക്തിജീവിതത്തിലെ സമാധാനത്തെക്കുറിച്ച് (ഫിലിപ്യർ 4:7, കൊലേസ്യർ 3:15, റോമർ 15:13) വളരെക്കുറച്ച് സംസാരിക്കുന്ന വേദപുസ്തകം വ്യക്തികളിലൂടെ വളർന്ന് ഒരു സമൂഹത്തിന്റെ മുഴുവൻ മനഃസാക്ഷിയും മനോഭാവവും ആകുന്നതിനെക്കുറിച്ചാണ് കൂടുതലായി സംസാരിക്കുന്നത്. വ്യക്തിജീവിതത്തിലെ സമാധാനം എപ്രകാരമാണ് ഒരു സമാധാന പ്രക്രിയ ആകുന്നത് എന്നതിലേയ്ക്കുള്ള അന്വേഷണമാണ് ഇവിടെ നടത്തുന്നത്.

**സമാധാനം: ചില പൊതുസമീപനങ്ങൾ**

പഴയ നിയമത്തിൽ 'സമാധാനം' എന്ന വാക്കിന് '*ഷാലോം*' *(Shalom)* എന്ന വാക്കാണ് ഉപയോഗിക്കുന്നത്. വിപുലമായ അർത്ഥമുള്ള ഈ പദം പഴയനിയമത്തിൽ പല ഘട്ടങ്ങളിൽ വ്യത്യസ്ത സാഹചര്യങ്ങളിൽ ഉപയോഗിക്കുന്നുണ്ട്. രാജ്യങ്ങൾ തമ്മിലും വ്യക്തികൾ തമ്മിലും നിലനിൽക്കുന്ന സഹവർത്തിത്വത്തെ സൂചിപ്പിക്കുന്നതിന് സമാധാനം എന്ന വാക്കാണ് ഉപയോഗിക്കുന്നത്. സമാധാനം ദൈവം നൽകുന്ന സമ്മാനമാണ് (ലേവ്യ. 26: 6, 1 രാജാ. 2:33, സങ്കീർ. 29:11, 85:8, ഏശായ. 26:12) ഉടമ്പടിയാണ് (സംഖ്യ. 25:12–13, മലാഖി. 2:4–6) വാഗ്ദാനമാണ് (ഏശായ. 54:10) യുഗാന്ത്യ അനുഗ്രഹമാണ് എന്നീ നിലകളിൽ എല്ലാം ഉപയോഗിക്കുന്നുണ്ട്. സമാധാനത്തിന്റെ ഉടമസ്ഥൻ ദൈവമാണെന്നും, ദൈവവും മനുഷ്യനും തമ്മിലുള്ള പാരസ്പര്യവും പരസ്പര പൂരകത്വവും പഴയനിയമത്തിന്റെ അടിസ്ഥാന ദൈവശാസ്ത്ര ചിന്തയാണ് എന്ന് എടുത്തു പറയേണ്ടതാണ്. പൊതുവായി മനസ്സിലാക്കുമ്പോൾ സമാധാനം എന്നത് ആന്തരീകമായി മനുഷ്യൻ അനുഭവിക്കുന്നതോ, വ്യക്തിപരമായ ആത്മീയ സന്തോഷത്തിൽ നിന്ന് ഉണ്ടാകുന്നതോ ആണ് എന്നതിലുപരി ദൈവവും മനുഷ്യനും തമ്മിൽ നിലനിൽക്കുന്ന ഗാഢബന്ധത്തിൽ നിന്ന് ഉണ്ടാകുന്നതാണ് എന്ന ചിന്തയാണ് പഴയനിയമത്തിൽ കാണാൻ സാധിക്കുന്നത്.

**സമാധാനം എന്നത് വെറുതെ പറയുന്ന ഒരു വാക്കല്ല അത് ആത്മനിഷ്ഠമായി വ്യക്തികൾ തമ്മിലോ, സമൂഹങ്ങൾ തമ്മിലോ സംഭവിക്കേണ്ട ഏകീഭാവമാണ്.**

പഴയനിയമത്തിലെ ഉടമ്പടി ബന്ധം (Covenental relationship) പഴയനിയമ വേദശാസ്ത്രവും പാരമ്പര്യങ്ങളും രൂപപ്പെടുത്തുന്നതിൽ, നിർണ്ണായകമാണ്. ഉടമ്പടി ബന്ധം സാഹസികമായ ഒന്നാണ്. '*berith*' എന്ന ഹീബ്രു വാക്കിന്റെ അർത്ഥം. 'തന്റെ ബലഹീനനായ അയൽക്കാരനോടൊപ്പം സമാധാനത്തോടെ ജീവിക്കാൻ ബലവാനായ ഒരുവൻ കാണിക്കുന്ന ഏകപക്ഷീയമായ സാഹസികതയാണ്' ഉടമ്പടിബന്ധം എന്നത്. സാഹസികമായ ഉടമ്പടിയിൽ നിന്നും സ്നേഹത്തിൽ നിന്നും ഉണ്ടാകുന്നതാണ് സമാധാനം. ഈയൊരർത്ഥത്തിലാണ് യിസ്രായേലും ദൈവമായ യഹോവയും തമ്മിലുള്ള ബന്ധത്തെ പഴയനിയമം വിശദമാക്കുന്നത്. പഴയനിയമ പ്രവാചകന്മാർ സംസാരിക്കുന്നതും സമാധാനത്തെക്കുറിച്ചുതന്നെയാണ്. പ്രവാചകൻ രാജ്യങ്ങളോടും ജനതകളോടും സംസാരിക്കുമ്പോൾ ഭാഷ പലപ്പോഴും 'സമാധാനത്തിന്റെ രാജ്യം' 'സമാധാനത്തിന്റെ ജനത' എന്ന നിലയിലെല്ലാം വിശദമാക്കുന്നുണ്ട്. പ്രവാചക പുസ്തകങ്ങളിൽ നീതി എന്ന വിഷയത്തിൽ നിന്ന് വിട്ട് സമാധാനത്തെ പരിഗണിക്കുന്നുമില്ല. 'Rightiousness shall yield peace and its, fruit (shall) be quietness and confidence for ever' (Isa 32:17, Ps 85). സമാധാനം, നീതി, സ്നേഹം, സ്വാതന്ത്ര്യം ഇവ ഓരോന്നും വ്യക്തിപരമായ യാഥാർത്ഥ്യങ്ങൾ മാത്രമല്ല (internal attitudes) സാമൂഹ്യ യാഥാർത്ഥ്യങ്ങൾ കൂടിയാണ്. അതു മാത്രമല്ല ചരിത്രപരമായി ഇവ ഓരോന്നും വഴി സംഭവിച്ച വിമോചനത്തിന്റെയും രക്ഷയുടെയും സാക്ഷ്യങ്ങൾ വഴിയാണ് നമുക്കിതിന്റെ അർത്ഥമെന്താണ് എന്ന് മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ.

പുതിയ നിയമത്തിലും ഗൗരവമായ അർത്ഥതലങ്ങളാണ് സമാധാനം എന്ന വാക്കിനുള്ളത്. സമാധാനം എന്നത് നിരന്തരം ആശംസിക്കപ്പെടുന്നതാണ്. (യോഹന്നാൻ 20:19, 21, 26, മർക്കോസ് 5:34, ലൂക്കോസ് 7:50) സഭകൾക്ക് പൊതുവായി നേരുന്ന ആശംസ എന്ന നിലയിൽ സഭയുടെ സമാധാനത്തിലുള്ള ഏകീഭാവമാണ് ലക്ഷ്യമിടുന്നത്. ആശംസിക്കപ്പെടുന്നത് സ്വീകരിക്കപ്പെടുന്നില്ലെങ്കിൽ ആയത് ആശംസകനിലേയ്ക്ക് തിരികെപ്പോരുന്നു എന്നത് (മത്തായി 10:13, ലൂക്കോസ് 10:5–6) വേദപുസ്തക

ത്തിലെ ശക്തമായ നിരീക്ഷണമാണ്. സമാധാനം എന്നത് വെറുതെ പറയുന്ന ഒരു വാക്കല്ല അത് ആത്മനിഷ്ഠമായി വ്യക്തികൾ തമ്മിലോ, സമൂഹങ്ങൾ തമ്മിലോ സംഭവിക്കേണ്ട ഏകീഭാവമാണ്. സമാധാനത്തിന്റെ ഈ ഏകീഭാവത്തിൽ ബന്ധിതരായിരിക്കണം എന്ന് പൗലോസ് ശ്ലീഹാ തന്റെ സഭകളെ പഠിപ്പിക്കുന്നുണ്ട്. (റോമർ 14:19, 1 കൊരി. 14:33, 2 കൊരി. 13:11, തെസ്ലോ. 5:13) അദ്ദേഹത്തിന്റെ ചിന്തയിൽ ദൈവം സമാധാനത്തിന്റെ ദൈവമാണ് (റോമർ 15:33) സുവിശേഷം സമാധാനത്തിന്റെ സുവിശേഷമാണ് (എഫേ. 6:15).

സമാധാനം എന്നത് ഒരു ആശംസ എന്നതിലുപരി പുതിയൊരു ബന്ധത്തിന്റെയും ഏകീഭാവത്തിന്റെയും ആകെത്തുകയാണ്. ആശംസിക്കുമ്പോഴും ആയത് സ്വീകരിക്കപ്പെടുമ്പോഴും അതിൽ ഉൾച്ചേരുന്നത് പുതിയ ഒരു ക്രിസ്തീയ അവബോധവും ദൈവരാജ്യത്തിന്റെ കെട്ടുപണിക്കുവേണ്ടിയുള്ള ആഗ്രഹവുമാണ്. ദൈവരാജ്യത്തോടൊപ്പം നൽകുന്ന വാഗ്ദാനം ആണ് സമാധാനം. ഇത് എല്ലാ തലങ്ങളിലും നിലനിൽക്കണമെങ്കിൽ നീതിപൂർവ്വകമായി സാമൂഹ്യ കുടുംബവ്യക്തിബന്ധങ്ങൾ പുനഃക്രമീകരിക്കപ്പെടണം. വ്യക്തിജീവിതത്തിലെ സമാധാനം എന്നത് അന്വേഷിക്കുമ്പോൾ ഇഴപിരിക്കാനാവാത്ത വ്യക്തി-സമൂഹ-കുടുംബ ബന്ധത്തിന്റെ പുതിയ സാധ്യതകളെ നമ്മുടെ മുമ്പിൽ തുറന്നിടുന്നു.

**സാദൃശ്യവും സ്വരൂപവും സമാധാനത്തിന്റെ സാർവ്വത്രിക ഭാവം**

വ്യക്തിജീവിതത്തിൽ സമാധാനം എന്നതിന്റെ ആശയതലം കൂടുതൽ വ്യക്തമാക്കേണ്ടതുണ്ട്. പൗരസ്ത്യ ആദ്ധ്യാത്മികതയിലും വേദശാസ്ത്രത്തിലും മനുഷ്യസൃഷ്ടിയെ വിശദമാക്കുന്നതിനുപയോഗിക്കുന്ന വേദപുസ്തക പദങ്ങൾക്ക് വളരെ പ്രാധാന്യമുണ്ട്.

''**സാദൃശ്യവും സ്വരൂപവും**'' (ഉല്പത്തി 1:26) ദൈവത്തിന്റെ സ്വരൂപവും സാദൃശ്യവും മനുഷ്യന് ലഭിക്കുന്നുണ്ടെങ്കിൽ അവൻ/അവൾ സൃഷ്ടിയുടെ മുഴുവൻ സ്വരൂപവും സാദൃശ്യവുമാണ്. ദൈവസൃഷ്ടിയെ മനുഷ്യനിൽ നിന്ന് അടർത്തിമാറ്റി ചിന്തിക്കാൻ സാധിക്കില്ല. മനുഷ്യൻ സൃഷ്ടിയുടെ മകുടമാണ്. പിതാക്കന്മാർ പറയുന്നതുപോലെ "Man is a personal being like God"സൃഷ്ടിയുടെ പൂർണ്ണതയും രക്ഷയും മനുഷ്യനിലൂടെയാണ്, സൃഷ്ടി അതിന്റെ ആത്യന്തികസത്യം കണ്ടെത്തുന്നതും കണ്ടെത്തേണ്ടതും മനുഷ്യനിലൂടെയാണ്. വി. പൗലോസ് പറയുന്നു, "Creation anxiously awaits the revelation of the sons of God (Rom 8) ഇതിലൂടെ നമുക്ക് മനസ്സിലാകുന്നത് 'മനുഷ്യൻ', 'വ്യക്തി' എന്നീ നിലകളിലൊക്കെ നാം ചിന്തിക്കുമ്പോൾ അതിൽ അന്തർലീനമാകുന്നത് സൃഷ്ടി മുഴുവനും ആണ് എന്ന് നമുക്ക് മനസ്സിലാകുന്നു. ദൈവരാജ്യവും സ്വരൂപവും എവിടെയെല്ലാം പങ്കുവയ്ക്കപ്പെടുന്നുണ്ടോ, അവിടെയെല്ലാം വ്യക്തി എന്ന ചട്ടക്കൂടിൽ നിന്ന് പുറത്തേയ്ക്ക് എല്ലാവർക്കും സഞ്ചരിക്കേണ്ടി വരും എന്ന തിരിച്ചറിവിലേയ്ക്ക് നാം എത്തിച്ചേരുന്നു.

ചടുലവും നിതാന്തവുമായി രക്ഷയെ അനുഭവിക്കുന്ന മനുഷ്യർക്ക് എല്ലാ സീമകളെയും അതിലംഘിച്ച് മുന്നേറാൻ സാധിക്കുന്നു. ഇത് ഓരോ മനുഷ്യന്റെയും അടിസ്ഥാനവിളിയാണ് എന്നാണ് നാം ചിന്തിച്ചത്. ഈയൊരു തിരിച്ചറിവ് മനുഷ്യന് നൽകുന്ന 'ആന്തരീക സൗഖ്യ'മാണ് വ്യക്തിജീവിതത്തിലെ സമാധാനത്തിന്റെ അടിത്തറ എന്നത്. ലോകത്തെ മാറ്റിമറിച്ച വിശുദ്ധരുടെ ജീവിതം കാണിച്ചുതരുന്നതും അതുതന്നെയാണ്. തങ്ങളിലേയ്ക്കുതന്നെ ചുരുങ്ങാൻ നമ്മെ പ്രേരിപ്പിക്കുന്ന ജീവിത സാഹചര്യങ്ങളെ പ്രതിരോധിച്ച് സമസ്ത സൃഷ്ടിയുടെ വിമോചനത്തിന് കൈകൾ നീട്ടിവിരിക്കുന്ന മനുഷ്യർ അനുഭിക്കുന്നത് ആന്തരീക സൗഖ്യമാണ്. അത് നിത്യസമാധാനത്തിലേയ്ക്കുള്ള വാതായനം ആയി മാറുന്നു എന്നതാണ് വാസ്തവം.

**നിങ്ങൾക്ക് സമാധാനം** (വി. യോഹന്നാൻ 20:19) ഉത്ഥിതനായ ക്രിസ്തു അടച്ചിട്ട മുറിയുടെ അകത്ത് വന്ന് ശിഷ്യന്മാരോട് 'നിങ്ങൾക്ക് സമാധാനം' എന്ന് പറയുന്നുണ്ട്. ഭയവിഹ്വലരായിരുന്ന അവർക്ക് ഈ സമാധാനാശംസ പുതിയ ഒരു പ്രതീക്ഷ നൽകുന്നതായിരുന്നു. ഭയത്തിന്റെയും വേദനയുടെയും സാഹചര്യത്തിൽ നിന്ന് അവരെ ഉണർത്താൻ യേശുവിന് ഈ ആശംസമാത്രം മതിയായിരുന്നു. തുടർന്നുള്ള ചരിത്രം പഠിപ്പിക്കുന്നത് അവർ എല്ലാവരും ഈ സമാധാനത്തിൽ ജീവിച്ചു എന്നും അതിന്റെ സാക്ഷികളായി എന്നുമാണ്. മൂന്നു പ്രധാന സംഗതികളാണ് നമുക്ക് ഈ സംഭവത്തിൽ നിന്നും നിരീക്ഷിക്കാൻ സാധിക്കുന്നത്.

1. യേശുവിന്റെ ആശംസയുടെ ഉള്ളടക്കം അവൻ തന്നെയാകുന്നു. ആശംസകനും ആശംസിക്കപ്പെടുന്നതും ഒന്നുതന്നെയാകുന്നു.

2. സമാധാന ആശംസ സ്വീകരിക്കപ്പെടുന്നതുവഴി പ്രതിസന്ധികളെയും ഭയത്തെയും അതിജീവിക്കാൻ കരുത്തേകുന്നു.

3. സമാധാനം വ്യക്തിപരമായി കേൾക്കപ്പെടുന്നു എങ്കിലും സമൂഹമായി സാക്ഷ്യപ്പെടുത്തുന്നു.

വ്യക്തിജീവിതത്തിലെ സമാധാനം ക്രിസ്തുയേശുവിനെപ്പോലെ തന്നെ സമാധാനത്തിന്റെ വലിയ ഉപകരണമാകാനുള്ള വിളിയാണ്. നമ്മിലുള്ളതും നമ്മൾ കേൾക്കുന്നതും ആശംസിക്കുന്നതും നാം തന്നെയും സമാധാനമാകാൻ സാധിക്കുന്ന ഏറ്റവും വളർന്ന അവസ്ഥ. പ്രലോഭനങ്ങൾക്ക് അതീതമായി വിശ്വാസത്തിൽ അധിഷ്ഠിതമായി നിലപാട് സ്വീകരിക്കാൻ ഇത് നമുക്ക് കരുത്തേകുന്നു. അതുകൊണ്ടുതന്നെ നമ്മിലെ സമാധാനം മറ്റുള്ളവരിലേയ്ക്ക് നമ്മെത്തന്നെ എത്തിക്കുന്ന ഒരു ചാലകശക്തിയാകുന്നു എന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും.

'സമാധാനത്തിലേയ്ക്കുള്ള പ്രവേശനം' ഇന്ന് നാം നേരിടുന്ന വലിയ ഒരു പ്രതിസന്ധി തന്നെയാണ്. വ്യക്തികളിലേയ്ക്കുതന്നെ ചുരുങ്ങാനും മത്സരങ്ങൾക്കുവേണ്ടി

പ്രതികരണം

# എല്ലാവരോടും പകയോടെ - 2

**എം. സൈമൺ**

''അതിഭൗതികതയുടെ തടവറയിൽ നിന്ന് ക്രൂശിന്റെ ലാളിത്യത്തിലേയ്ക്ക് ഇറങ്ങി വരുമ്പോൾ വിശ്വാസി സമൂഹത്തിന് ദൈവീകസമാധാനം അനുഭവപ്പടും.'' യാക്കോബായ സഭയിലെ ഡോ. ഗീവർഗ്ഗീസ് മാർ കൂറീലോസിന്റെ വാക്കുകൾ അവരുടെ സൺഡേ വിഷനിൽ വായിക്കുകയുണ്ടായി. അപ്പോൾ മലങ്കരസഭയിലെ വഴക്കുകളും ചേരിതിരിവുകളും പിതാക്കന്മാരുടെ അതിഭൗതികതയോടുള്ള അദമ്യമായ ആഭിമുഖ്യം കാരണമാണല്ലോ എന്ന് ഓർത്തുപോയി. മലങ്കരസഭയുടെ ആത്മീകമേലധികാരം മാത്രമല്ല ഭരണപരമായ അധികാരവും ഭൗതികസ്വത്തുക്കളുടെ ഉടമസ്ഥതയും പാത്രിയർക്കീസിൽ നിക്ഷിപ്തമാണെന്ന് സമ്മതിച്ച് ഉടമ്പടിവയ്ക്കണമെന്ന പത്രോസ് മൂന്നാമന്റെ പിടിവാശി ഇവിടെയുള്ള വിശ്വാസിസമൂഹത്തെ രണ്ട് തട്ടിലാക്കി. പിന്നീട് വന്ന മാർ അബ്ദുള്ള പാത്രിയർക്കീസും അതേ ആവശ്യംതന്നെ ആവർത്തിച്ചു. അദ്ദേഹം 8–9–1910 ൽ അയച്ച കല്പനയിൽ ഇങ്ങനെ പറയുന്നു. “Who and how can one seperate temporal powers from spiritual powers? The Patriarchs Maphrians and Metropolitans who had come from Antioch had not only suffered tribulations and spent large sums of money for the existence of this church, but had shed blood also. As such how can the head of Church rule without temporal powers?” (History of Orthodox Christianilty in India).

സമ്പത്തിന്റെ അധീശത്വം വെടിഞ്ഞ് യാതനയുടെയും ലാളിത്യത്തിന്റെയും മാർഗ്ഗം സ്വീകരിക്കുക അസാധ്യമെന്നാണ് അദ്ദേഹം പറഞ്ഞത്. അപ്പോൾ അന്ത്യോഖ്യൻ മേധാവിത്വം ഊന്നൽ നൽകുന്ന ഭൗതികതയും ക്രിസ്തുമാർഗ്ഗവും പൊരുത്തപ്പെടുകയില്ലെന്ന് ഡോ. മാർ കൂറിലോസ് സമ്മതിക്കുന്നതായി കരുതാം. അങ്ങനെ രണ്ടു ചേരികളിലായ മുൻതലമുറക്കാർ തുടങ്ങിവച്ച ശത്രുതയുടെ പൈതൃകം ഉപേക്ഷിച്ച് ശത്രുക്കളെ സ്നേഹിക്കുകയെന്ന ക്രിസ്തീയവിളി അനുസരിക്കലാണോ, പൈതൃകം നിലനിർത്തി വിലപ്പെട്ട സമാധാനജീവിതം നശിപ്പിക്കുന്നതാണോ ക്രിസ്തുമാർഗ്ഗമെന്ന് ചിന്തിച്ച് സത്യം കണ്ടെത്തി ഭൂതകാലത്തെ പകയോടും ശത്രുതയോടും വിടപറഞ്ഞ് എതിരാളികളോട് ക്ഷമിച്ച് ഐക്യപ്പെട്ട് നിരപ്പിന്റെയും ശാന്തിയുടെയും മാർഗ്ഗം സ്വീകരിച്ചവരെ പൈതൃകം മറന്നവർ, കൂറുമാറിയവർ, മുടക്കപ്പെട്ടവർ എന്നെല്ലാം പ്രചരിപ്പിച്ച് വിശുദ്ധന്മാർ ചമയുന്നവർ ക്രിസ്തുവിനെ അറിയാത്തവരാണ്. (സഭാജീവിതത്തിനൊരു മാർഗ്ഗരേഖ. -ഡോ. തോമസ് മാർ അത്താനാസിയോസ്)

ഇതു പറഞ്ഞ് അണികൾക്ക് അവരോടുള്ള തൊട്ടുകൂടായ്മയ്ക്ക് വീര്യം പകർന്നിട്ട് അനേകതവണ പരിശുദ്ധ അപ്പമെടുത്ത് വാഴ്ത്തിയിട്ടുള്ള അതേ കരംകൊണ്ടു തന്നെ 34 -ലെ ഭരണഘടന അംഗീകരിച്ച് അതിന് വിധേയമായി മാത്രം തല്സ്ഥാനം ഉപയോഗിക്കുകയുള്ളൂ എന്ന് ഇതിനാൽ ആണയിട്ട് ബോധിപ്പിച്ചുകൊള്ളുന്നു എന്ന് 3–3–1998 ൽ മജിസ്ട്രേട്ടു മുമ്പാകെ എഴുതി ഒപ്പിട്ടുകൊടുത്ത സത്യവാങ്മൂലം നിലനിൽക്കെയാണ് അതേ പ്രവൃത്തി ചെയ്തവരെ കൂറുമാറിയവർ എന്ന് ആക്ഷേപിക്കുന്നത്. ഇത് സംബന്ധിച്ച് അദ്ദേഹത്തിനയച്ച പാത്രിയർക്കീസിന്റെ 7–1–99 ലെ 30/99 നമ്പർ കല്പനയിൽ ഇങ്ങനെ പറയുന്നു. ''ഇടവകപ്പള്ളികൾക്ക് ദോഷമായിത്തീരാതിരിക്കാൻ 34 ലെ ഭരണഘടന അംഗീകരിച്ച് ഒപ്പിട്ടുകൊടുത്തു എന്ന് നിങ്ങൾ സമ്മതിക്കുന്നു. 1934 ലെ ഭരണഘടന അംഗീകരിച്ച നിങ്ങൾ ഇപ്പോൾ ആ ഭരണഘടന പ്രകാരം മാത്രം തല് സ്ഥിതി ആനുകൂല്യം നേടിയിട്ടുള്ളവരാണ്. നിങ്ങൾ അംഗീകരിച്ച ഭരണഘടനയിൽ നിന്നുകൊണ്ട് വിരുദ്ധ ക്രമീകരണങ്ങൾ ഉണ്ടാക്കാൻ ശ്രമിക്കുന്നത് തികച്ചും ആത്മവഞ്ചനയാണ്. നമ്മുടെ സഭയിൽ സമാധാനവും യോജിപ്പും ഉണ്ടാക്കുകയാണ് നമ്മുടെ ആത്യന്തിക ലക്ഷ്യം. ബഹു. സുപ്രീംകോടതി അനുവദിച്ചു തന്നിട്ടുള്ള അവകാശ

---

ജീവിതത്തെ തയ്യാറാക്കാനും നമ്മെയെന്നും പ്രേരിപ്പിക്കുന്ന നമ്മുടെ സാമൂഹ്യ-സാമ്പത്തീക സാഹചര്യങ്ങളെ നാം കാണാതെ പോകുന്നതിൽ കാര്യമില്ല. സ്വാർത്ഥത മുഖമുദ്രയായ ഈ കാഴ്ചപ്പാട് സമാധാനാന്തരീക്ഷത്തെ തകർക്കുന്ന ഒന്നാണ്. അവർക്ക് അവരിൽത്തന്നെ സമാധാനത്തോടെ ഇരിക്കാനും സമൂഹത്തിൽ സമാധാനത്തിനുള്ള ഒരു കണ്ണിയായി മാറാനും സാധിക്കുന്നില്ല എന്നതാണ് വാസ്തവം.

മനുഷ്യൻ എന്നും ആയിത്തീരാനുള്ള ആകാംക്ഷയിലും പ്രവർത്തനത്തിലുമാണ്. യുവതീ-യുവാക്കൾ തങ്ങളുടെ പഠനത്തിലൂടെ ജോലിയിലൂടെ പുതിയ ചക്രവാളങ്ങളിലേയ്ക്ക് എത്തിപ്പെടാനാഗ്രഹിക്കുന്നു. എന്നാൽ ഓരോരുത്തരിലും നിലനിൽക്കുന്നതും സമ്പൂർണ്ണമാക്കുന്നതുമായ ദൈവാംശത്തെ കണ്ടെത്തുന്നില്ല. സൗഖ്യമുള്ളതും സമാധാനപൂർണ്ണവുമായ ഒരു സമൂഹത്തെയോ, കുടുംബത്തെയോ സഭയെയോ, വ്യക്തിയെയോ കാണണമെങ്കിൽ ഓരോരുത്തരിലും നിലനിൽക്കുന്നതും സൗഖ്യം നൽകുന്നതുമായ ദൈവത്തെ കണ്ടെത്തിയേ പറ്റൂ. ദൈവത്തെ നമ്മിൽത്തന്നെ കണ്ടെത്തുന്നവർക്ക് സമാധാനമാകുവാനും അതിന്റെ പ്രവാചരാകുവാനും സാധിക്കുമെന്നതാണ് വാസ്തവം. •

ങ്ങൾ നഷ്ടപ്പെടുത്താൻ നമുക്ക് താല്പര്യമില്ല. ആയതിനാൽ നിങ്ങളേ വരും മുൻപുള്ളതെല്ലാം മറന്നും ക്ഷമിച്ചും നമ്മുടെ സഭയുടെ നല്ലഭാവിക്കുവേണ്ടി ഒത്തൊരുമയോടെ പ്രവർത്തിക്കാൻ നിങ്ങളെ നാം ഉപദേശിക്കുന്നു.''

''ജ്ഞാനികളുടെ വാക്കിനും യുക്തിക്കും വഴങ്ങിക്കൊടുക്കാത്ത വൈകാരിക മനോഭാവക്കാരോട് വാദിച്ചിട്ട് കാര്യമില്ല'' എന്ന ജവഹർലാൽ നെഹ്റുവിന്റെ വാക്കുകൾ പരി. ബാവാ വായിച്ചിട്ടുണ്ടാവില്ല.

എന്റെ പിതൃപാരമ്പര്യത്തിൽ പൂർണ്ണമായി എരിവുള്ളവനായി ഞാൻ ദൈവത്തിന്റെ സഭയെ അത്യന്തം ഉപദ്രവിച്ച് മുടിക്കുകയും പലരെക്കാളും പ്രഗത്ഭനെന്ന് നിരൂപിക്കുകയും ചെയ്തു (ഗലാത്തി. 1:14). ഇത് പൗലോസ് ശ്ലീഹായുടെ തുറന്ന കുറ്റസമ്മതമാണ്. പക്ഷേ ഇവിടെ കുറ്റബോധമില്ലാതെ അഭിമാനബോധത്തോടെ ഇവ ആവർത്തിക്കുന്നു.

പിതാവേ നാം ഒന്നായിരിക്കുന്നതുപോലെ ഇവരും ഒന്നാകേണ്ടതിനും ഐക്യത്തിൽ തികഞ്ഞവരാകേണ്ടതനും എന്റെ മഹത്വം ഞാനിവർക്ക് നൽകുന്നു (യോഹ. 11:21). ദൈവം കനിഞ്ഞരുളിയ ദിവ്യമായ നിരപ്പിന്റെ അനുഭവത്തിൽ പങ്കാളികളാകാൻ 2002 മാർച്ച് 20 ന് അവസരമൊരുക്കിയപ്പോൾ പാത്രിയർക്കീസിന്റെ ഉപദേശമനുസരിച്ച് സഹകരിക്കുന്നതിനു പകരം മുന്നമേ പണിതുവച്ച അശാന്തിയുടെ കൂടാരത്തിലേയ്ക്ക് അദ്ദേഹം തിരിഞ്ഞു നടന്നില്ലായിരുന്നു എങ്കിൽ ഒന്നാകുമായിരുന്ന മലങ്കരസഭയുടെ പ്രഭയും ചാരുതയും ഒന്ന് ഭാവനയിൽ കണ്ടുനോക്കൂ. നെബോ മലമുകളിൽ നിന്ന് മോശ കനാൻദേശം നോക്കിക്കണ്ടപ്പോഴുണ്ടായ അതേ അനുഭൂതി നമുക്കും അനുഭവപ്പെടും. ''നിങ്ങൾ ജാതികളുടെ ഇടയിൽ എന്റെ നാമം അവഹേളനമാക്കി'' (റോമർ 2:24) എന്ന വചനം മലങ്കര സഭയെ ബാധിക്കില്ലായിരുന്നു. സഭാപ്രസംഗി പറഞ്ഞിട്ടുണ്ട്. ''യുദ്ധായുധങ്ങളെക്കാൾ അനുരഞ്ജനം നല്ലതാണ്. എന്നാൽ ഒരൊറ്റയാൾ വളരെ തലമുറയുടെ നന്മ നശിപ്പിച്ചു കളയുന്നു'' (9:18). അനുരഞ്ജനത്തിലൂടെ നേടുന്ന ഏകത്വം ആയുധമില്ലാത്തവരുടെ അടവാണെന്ന് വിശ്വസിക്കുന്ന പിതാവ് അന്ത്യോഖ്യാ എന്ന് കേട്ടാൽ അഭിമാനപൂരിതമാകണമന്തരംഗം, മലങ്കരയെന്ന് കേട്ടാലോ തിളയ്ക്കണം ചോര ഞരമ്പുകളിൽ എന്ന് പാടി പഠിപ്പിച്ചിരുന്ന കുഞ്ഞാടുകളെ മലങ്കരയാക്കോബായ സുറിയാനി സഭയിൽ നിന്നും മലങ്കരയെ വെട്ടിമാറ്റി പുതിയ പേരിട്ടുണ്ടാക്കിയ സഭയിലേയ്ക്ക് മാറ്റി പാർപ്പിച്ചപ്പോൾ ''മലങ്കരയെന്ന് കേട്ടാലോ പൊത്തണം കാതുകൾ കരാംഗുലികളാൽ'' എന്ന് തിരുത്തിപ്പാടിച്ചു. 85-ൽ അങ്കമാലി സഭ ഉണ്ടാക്കിയപ്പോൾ എതിർത്ത ശ്രേഷ്ഠബാവയെ ഇദ്ദേഹം മുടക്കിയ കഥ അറിയാവുന്നതുകൊണ്ട് കാരണം ആരും തിരക്കിയില്ല. കോടതിവിധിയുടെ കരാളദംഷ്ട്രങ്ങളിൽ നിന്ന് രക്ഷപെടുന്നതിനും ആഗോളവത്കരണം സഭയുടെ പുതിയ ദൗത്യമായതുകൊണ്ടുമാണ് ഈ മാറ്റമെന്ന് ആരോടും വിശദീകരിക്കേണ്ടിയും വന്നില്ല.

മാർത്തോമാ സഭ രൂപം കൊണ്ടത് നിലവിലിരുന്ന ചില ആചാരവിശ്വാസങ്ങളുടെ വൈപരീത്യം കൊണ്ടായിരുന്നു. എന്നാൽ ഇവിടെ ഒരേ വിശ്വാസാചാരങ്ങളിൽ അടിയുറച്ചു നിന്നുകൊണ്ട് കേവലം സ്ഥാനമോഹങ്ങൾ മാത്രമാണ് ഈ ഭിന്നതയുടെ ഹേതു എന്ന് തിരിച്ചറിയുമ്പോഴാണ് നമ്മുടെ മഹാ ഇടയന്മാരുടെ വിശുദ്ധിയുടെ മേലങ്കി അഴിഞ്ഞുവീഴുന്നത് നാം കാണുന്നത്. കരങ്ങളിൽ തിരുരക്തശരീരം എടുത്തുകൊണ്ട് ''ഇത് നിരപ്പിലും സമാധാനത്തിലും അണയ്ക്കപ്പെടുന്നു'' എന്ന് വിശുദ്ധ ബലിപീഠത്തിന്റെ മുമ്പാകെ നിന്നുകൊണ്ട് ഗീബൽസ് പോലും പറയാൻ മടിക്കുന്ന വിശുദ്ധ നുണ ഇരുകൂട്ടരും വിളിച്ചുപറയുന്നതു കേട്ട് യാക്കോബായ ക്രിസ്തുവും ഓർത്തഡോക്സ് ക്രിസ്തുവും പണ്ട് മറന്നുവച്ച ആ പഴയ ചാട്ടവാർ അന്വേഷിക്കുകയാവും. ഇവരുടെ മനസ്സുകളിലെ ഇരുട്ട് ആകറ്റാൻ

''പ്രവാചകന്മാരേ പറയൂ
പ്രകാശം അകലെയാണോ?
പ്രപഞ്ചസൃഷ്ടികളേ പറയൂ
പ്രഭാതം അകലെയാണോ?''

എന്ന് നമുക്ക് ചോദിക്കാം.

## ശെമ്മാശപ്പട്ടം നൽകി



മൂവാറ്റുപുഴ: കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിൽ നിന്ന് കോട്ടയം ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരിയിൽ അവസാനവർഷം പഠിക്കുന്ന വെട്ടിക്കൽ, താണികുഴിയിൽ ഏലിയാസിന്റെയും ചിന്നമ്മയുടെയും മകൻ ഗീവർഗീസി (വിജു ഏലിയാസ്) ന് 2010 മെയ് 18 ന് ഇടവക മെത്രാപ്പോലീത്ത ഡോ. തോമസ് മാർ അത്താനാസ്യോസ് ആസ്ഥാന ദേവാലയമായ സെയ്ന്റ് തോമസ് കത്തീഡ്രലിൽ വച്ച് യൗഫദ്യക്നോ പട്ടം നൽകി. ശുശ്രൂഷയിൽ വൈദീക സെമിനാരി മൽപ്പാൻ ഫാ. ഡോ. എം. പി. ജോർജ്ജ്, സെമിനാരി ഗവേണിംഗ് ബോർഡ് മെമ്പറും ഭദ്രാസന സെക്രട്ടറിയുമായ ഫാ. ഏബ്രാഹാം കാരാമ്മേൽ, ഫാ. സജി അമയിൽ, ഫാ. മേരീദാസ് സ്റ്റീഫൻ, വന്ദ്യ കോർ എപ്പിസ്കോപ്പാമാർ, വന്ദ്യ റമ്പാന്മാർ, വൈദീകർ, ശെമ്മാശന്മാർ, വൈദീക സെമിനാരി വിദ്യാർത്ഥികൾ, രാഷ്ട്രീയ നേതാക്കൾ, ബന്ധുമിത്രാദികൾ എന്നിവർ സംബന്ധിച്ചു. ശുശ്രൂഷാനന്തരം നടന്ന അനുമോദന സമ്മേളനത്തിൽ അഭി. തിരുമനസുകൊണ്ട് അദ്ധ്യക്ഷത വഹിച്ചു. വൈദീക സെക്രട്ടറി ഫാ. ബിനോയ് പട്ടക്കുന്നേൽ സ്വാഗതം ആശംസിച്ചു. ശ്രീ. പി.റ്റി. തോമസ് എം.പി., മുൻ എം.എൽ.എ. മാരായ ശ്രീ. ബെന്നി ബഹനാൻ, ശ്രീ. വി.ജെ പൗലോസ്, ഫാ. വർഗ്ഗീസ് ചാക്കോ, ഫാ. എം. ജേക്കബ്, ഫാ. ഒ. ജെ. ജേക്കബ് എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. നവാഭിഷിക്തനായ ശെമ്മാശൻ കൃതജ്ഞത പ്രകാശിപ്പിച്ചു.

N.R.No.:412140/90
Reg. No. KL/ALY/0041/2009-11
DIOCESAN BULLETIN
2010 June 15
Rs. 5/-

## പാരീഷ് മിഷൻ നടത്തി

പിറവം: കണ്ടനാട് (ഈസ്റ്റ്) ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ ഭദ്രാസനത്തിൽ നിന്നുള്ള വൈദീക വിദ്യാർത്ഥികൾ, കൊച്ചുപറമ്പിൽ ഗീവർഗീസ് റമ്പാൻ, ഫാ. സഖറിയ വട്ടക്കാട്ടിൽ, ഫാ. സൈമൺ വർഗ്ഗീസ് എന്നിവരുടെ നേതൃത്വത്തിൽ പിറവം സെയ്ന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ പാരിഷ് മിഷൻ നടത്തി. സമാപന സമ്മേളനം ഇടവക മെത്രാപ്പോലീത്ത അഭി. ഡോ. തോമസ് മാർ അത്താനാസ്യോസ് ഉദ്ഘാടനം ചെയ്തു. ഇടവക വികാരി ഫാ. സഖറിയ വട്ടക്കാട്ടിൽ അദ്ധ്യക്ഷത വഹിച്ചു. കൊച്ചുപറമ്പിൽ ഗീവർഗീസ് റമ്പാൻ മുഖ്യപ്രഭാഷണം നടത്തി. ഫാ. സൈമൺ, ഫാ. വി.എ. മാത്യൂസ് എന്നിവർ ആശംസകൾ നേർന്നു.

## ആശുപത്രി ദിനം

ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തയുടെ ജന്മദിനമായ ജൂൺ 28 സന്തുല ട്രസ്റ്റ് ആശുപത്രി ദിനമായി ഈ വർഷവും ആഘോഷിക്കുന്നു. അന്ന് രാവിലെ 10.30 ന് ആശുപത്രി നടുത്തളത്തിൽ ആരംഭിക്കുന്ന ആഘോഷപരിപാടികളിൽ ട്രസ്റ്റ് വൈസ് പ്രസിഡന്റ് തോമസ് പുളിക്കീൽ അദ്ധ്യക്ഷത വഹിക്കും. അഭി. തിരുമേനി ജന്മദിന കേക്ക് മുറിച്ച് പങ്കുവയ്ക്കും. തുടർന്ന് ഡോ. സോജൻ ഐപ്പ് ആശുപത്രി ദിന സന്ദേശം നൽകും. സന്തുല ട്രസ്റ്റ് അംഗങ്ങളുടെയും ആശുപത്രി ജീവനക്കാരുടെയും അഭ്യുദയകാംക്ഷികളുടെയും പ്രതിനിധികൾ അഭി. തിരുമേനിക്ക് ആശംസകൾ നേർന്നുകൊണ്ട് സംസാരിക്കും. അതിനു ശേഷം ആശുപത്രി സ്റ്റാഫും അന്തേവാസികളും വിവിധ കലാപരിപാടികൾ അവതരിപ്പിക്കും. ഉച്ചവിരുന്നോടെ ചടങ്ങുകൾ സമാപിക്കും.

## വൈദീകരുടെ സ്ഥലം മാറ്റ നിയമനങ്ങൾ

മൂവാറ്റുപുഴ: സെയ്ന്റ് തോമസ് കത്തീഡ്രൽ വികാരിമാരായിരുന്ന ഫാ. മാത്യൂസ് കാഞ്ഞിരംപാറ, ഫാ. മേരീദാസ് സ്റ്റീഫൻ എന്നിവരെ യഥാക്രമം കോലഞ്ചേരി സുഖദ സെയ്ന്റ് മേരീസ് ചാപ്പൽ, മലേക്കുരിശ് മാർ ഗ്രീഗോറിയോസ് ചാപ്പൽ എന്നിവിടങ്ങളിലേയ്ക്ക് നിയമിച്ചു. പാങ്കോട് പള്ളി വികാരിയായിരുന്ന ഫാ. എഡ്വേഡ് ജോർജ്ജ്, മലേക്കുരിശ് വികാരിയായിരുന്ന ഫാ. ഏലിയാസ് കുറ്റിപറിച്ചേൽ എന്നിവരെ വികാരിമാരായി മൂവാറ്റുപുഴ സെയ്ന്റ് തോമസ് കത്തീഡ്രലിൽ നിയമിച്ചു. ഫാ. ബാബു എബ്രഹാം കത്തിപ്പാറത്തടം സെയ്ന്റ് ജോർജ്ജ് പള്ളിയിലും, ഫാ. ജെറി ജോൺ മാത്യു പാങ്കോട് സെയ്ന്റ് ജോൺസ് പള്ളിയിലും വികാരിമാരായി നിയമിതരായി.

## ചാർജ്ജെടുത്തു



കൂത്താട്ടുകുളത്തിനു സമീപം വടകരയിലുള്ള സന്തുല ട്രസ്റ്റ് ഹോസ്പിറ്റലിൽ മനോരോഗ വിദഗ്ദ്ധരായ ഡോ. തോമസ് ജോൺ (M.B.B.S., D.C.H., D.P.M.) ഡോ. കെ.എം. ജോയ് (M.B.B.S., D.P.M.) എന്നിവർ ചുമതലയേറ്റതായി ചീഫ് കൺസൾറ്റന്റ് ഡോ. ബിജു പൗലോസ് M.D. അറിയിച്ചു.

## പുതിയ ഭാരവാഹികളെ തെരഞ്ഞടുത്തു.

2010 മെയ് 30-ാം തീയതി മൂവാറ്റുപുഴ അരമനപ്പള്ളിയിൽ ചേർന്ന സൺഡേസ്കൂൾ ഭദ്രാസന പൊതുയോഗം ഭദ്രാസന ഡയറക്ടറായി കുറ്റിപറിച്ചേൽ ഫാ. ഏലിയാസ് കശ്ശീശായെയും സെക്രട്ടറിയായി കാരുകുന്നത്ത് ശ്രീ. കെ.എം. ജോസഫിനെയും തെരഞ്ഞെടുത്തു.

2010 മെയ് 16-ാം തീയതി ഞായറാഴ്ച മൂവാറ്റുപുഴ സെയ്ന്റ് തോമസ് കത്തീഡ്രൽ, മലേക്കുരിശ് മാർ ഗ്രീഗോറിയോസ് ചാപ്പൽ, ഇടുക്കി സെയ്ന്റ് മേരീസ് പള്ളി എന്നിവിടങ്ങളിൽ വച്ച് നടന്ന മൂവാറ്റുപുഴ, മാമലശേരി, ഇടുക്കി ഡിസ്ട്രിക്ട് പൊതുയോഗങ്ങൾ ഡിസ്ട്രിക്റ്റ് ഭാരവാഹികളായി താഴെപ്പറയുന്നവരെ തെരഞ്ഞെടുത്തു.

മൂവാറ്റുപുഴ ഡിസ്ട്രിക്ട് പ്രസിഡന്റായി ഫാ. മാത്യൂസ് കാഞ്ഞിരംപാറയും ഇൻസ്പെക്ടറായി ശ്രീ. പി.എ. തോമസും സെക്രട്ടറിയായി ശ്രീമതി സാറാമ്മ സ്കറിയായും മാമലശേരി ഡിസ്ട്രിക്ട് പ്രസിഡന്റായി ഫാ. ജോർജ്ജ് വേമ്പനാട്ടും ഇൻസ്പെക്ടറായി ശ്രീ. മാത്യു വർഗീസും സെക്രട്ടറിയായി ശ്രീ. കെ.വൈ. ബിജുവും ഇടുക്കി ഡിസ്ട്രിക്ട് പ്രസിഡന്റായി ഫാ. ബോബി വർഗീസും ഇൻസ്പെക്ടറായി ശ്രീ. പി.ഒ. മാർട്ടിനും സെക്രട്ടറിയായി ശ്രീ. എം.യു. രാജുവുമാണ് തെരഞ്ഞെടുക്കപ്പെട്ടവർ.

## പഠനസദസ്സ് നടന്നു.

മധ്യവേനൽ അവധിക്കുശേഷം സമന്വയ പഠനസദസ്സ് പുനരാരംഭിച്ചു. ജൂൺ 1-ാം തീയതി ചൊവ്വാഴ്ച രാവിലെ ആരംഭിച്ച യോഗത്തിൽ ഫാ. കെ. വി. ഏലിയാസ് വേദപഠനം അവതരിപ്പിച്ചു. തുടർന്ന് ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്ത 'ശവസംസ്കാര ശുശ്രൂഷയുടെ വേദശാസ്ത്രം' എന്ന വിഷയം അവതരിപ്പിച്ച് ക്ലാസ്സെടുത്തു. എല്ലാ മാസത്തെയും ആദ്യചൊവ്വാഴ്ച നടക്കുന്ന പഠനസദസ്സിന്റെ അടുത്ത കൂടിവരവ് ജൂലൈ മാസം 6-ാം തീയതി ചൊവ്വാഴ്ചയായിരിക്കുമെന്ന് പ്രോഗ്രാം കോ-ഓർഡിനേറ്റർ അറിയിച്ചു.

Printed and Published by Fr. Abraham Karamel, Secretary, Kandanad Diocese, Bishop's House Muvattupuzha-686 661 Ph: 0485 2832401
Managing Editor : P.J. Varghese Ph:0485 2253209, Printed at St. George Printers, Muvattupuzha